


പുസ്തകം 25 ജനുവരി 2020 ലക്കം 01

***രക്ഷാധികാരികൾ***

മോസ്റ്റ് റവ. ഡോ. സൂസപാക്യം എം.
റൈറ്റ്. റവ. ഡോ. ക്രിസ്തുദാസ് ആർ.

***പത്രാധിപർ***

റവ.ഡോ.മൈക്കിൾ തോമസ്

***പത്രാധിപ സമിതി***

റവ. ഡോ. എഡിസൺ വൈ.എം
റവ. ഫാ. ജൂഡിറ്റ് പയസ് ലോറൻസ്
റവ. ഫാ. മെൽക്കൺ
റവ. ഡോ. ലോറൻസ് കുലാസ്
റവ. ഡോ. എ.ആർ ജോൺ
റവ. ഡോ. സാബാസ് ഇഗ്നേഷ്യസ്
റവ. ഫാ. ലെനിൻ ഫെർണാണ്ടസ്
റവ. ഫാ.തിയോഡേഷ്യസ്
റവ. ഫാ. ഷാജിൻ ജോസ്

***കവർ & ലേ-ഔട്ട്***

റവ.ഫാ.സുരേഷ്പയസ്

ലാറ്റിൻ ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം, കവടിയാർ പി. ഒ.
തിരുവനന്തപുരം - 695 003
ഫോൺ : 0471 - 2724001
ഫാക്സ് : 0471 - 2725001

## താളുകളിൽ

- 2020 വചന പ്രേഷിത വർഷത്തിലേക്ക് സുസ്വാഗതം (എഡിറ്റോറിയൽ)
- ആർച്ച് ബിഷപ്സ് ഡയറി -
- ആക്സിലറി ബിഷപ്സ് ഡയറി - ഡിസംബർ
- ചാൻസലറുടെ ഓഫീസിൽ നിന്ന്
- മെട്രോപ്പോളിറ്റൻ ട്രൈബ്യൂണൽ
- ബി.സി.സി
- അജപാലന ശുശ്രൂഷ
- കുടുംബപ്രേഷിത ശുശ്രൂഷ
- യുവജന ശുശ്രൂഷ
- വിദ്യാഭ്യാസ ശുശ്രൂഷ
- സാമൂഹ്യ ശുശ്രൂഷ
- മത്സ്യമേഖല ശുശ്രൂഷ
- അൽമായ ശുശ്രൂഷ

എഡിറ്റോറിയൽ

## *2020 വചന പ്രേഷിത വർഷത്തിലേക്ക് സുസ്വാഗതം*

2019 ജീവിത യവനികയുടെ തിരശ്ശീലയിലേക്ക് മറയുമ്പോൾ ദൈവപിതാവിന് നന്ദിയർപ്പിക്കാം! ഏകിയ കൃപകൾക്ക്, പരിപാലിച്ചതിന്, വഴി നടത്തിയതിന്, ഏല്പിച്ച ശുശ്രൂഷ ചെയ്യുവാൻ സഹായിച്ചതിന്, വളരുവാനും, വളർത്താനും ലഭിച്ച അവസരങ്ങളെയോർത്ത്, കൂടെ പ്രവർത്തിച്ചവരെ ഓർത്ത്...

ദൈവത്തിനും സഹചരർക്കും നന്ദിയേകുന്നതിനോടൊപ്പം ഒരു ആത്മപരിശോധനയുടെ അവസരമാകട്ടെ 2019-ാമാണ്ടിന്റെ വിടപ്പറച്ചിലും 2020 പുതുവത്സരത്തിന്റെ വരവേല്പും.

ലഭിച്ച അവസരങ്ങളും കൃപകളും സിദ്ധികളും നാം എന്തിനുവേണ്ടി, എപ്രകാരം ഉപയോഗിച്ചു? ഏറ്റെടുത്ത, ഏല്പ്പിക്കപ്പെട്ട ഉത്തരവാദിത്തങ്ങളോടു എത്രമാത്രം നീതിപുലർത്തി? വിജയാരവങ്ങളും അംഗീകാരവും മാത്രമായിരുന്നോ എന്റെ ദൗത്യനിർവ്വഹണത്തിന്റെ ലക്ഷ്യം. അതോ ദൈവത്തിന്റെ, മനസാക്ഷിയുടെ മുന്നിൽ വിശ്വസ്തത പുലർത്താൻ സാധിച്ചോ?

നമ്മുടെ പ്രാദേശിക സഭയുടെ പശ്ചാത്തലത്തിൽ പരമപ്രധാനമായി നമ്മുടെ ബന്ധങ്ങളെകൂടി വിലയിരുത്തുവാൻ സാധിക്കണം. ദൈവപിതാവുമായുള്ള നമ്മുടെബന്ധം, ദൈവജനവുമായുള്ള ബന്ധം, സഹോദര വൈദികരും സഹപ്രവർത്തകരുമായുള്ള ബന്ധം, അതിരൂപതാ മേലധികാരികളുമായുള്ള ബന്ധം, നമുക്ക് നമ്മോടു തന്നെയുള്ള ബന്ധം.

ഇത്തരം ബന്ധങ്ങളിൽ 2019-ാമാണ്ടിൽ ഒരുപടിയെങ്കിലും എനിക്ക് വളരാൻ സാധിച്ചോ അതോ ഉണ്ടായിരുന്ന ബന്ധങ്ങളിൽ ഉലച്ചിലും വിള്ളലുകളുമാണോ നാം അനുഭവിക്കുന്നത്? ഇത്തരത്തിലുള്ള ആത്മാർത്ഥമായൊരു വിലയിരുത്തൽ 2020-ാമാണ്ടിനെ പ്രത്യാശയോടെ വരവേൽക്കുവാനും ഏറ്റെടുത്തിരിക്കുന്ന ദൗത്യങ്ങൾ കൂടുതൽ വിശ്വസ്തതയോടും കാര്യക്ഷമതയോടും കൂടി നിർവ്വഹിക്കുവാനും നമ്മെ പ്രാപ്തരാക്കും.

2020-പുതുവർഷത്തിൽ നമ്മുടെ ഉത്തരവാദിത്തങ്ങളിലും ബന്ധങ്ങളിലും കൂടുതൽ വിശ്വസ്തതയും കാര്യക്ഷമതയും ഉണ്ടാകുവാൻ അടിസ്ഥാനപരമായി നമുക്ക് വചനാഭിമുഖ്യമുള്ളവരും പ്രേഷിതചൈതന്യമുള്ളവരുമാകാം. നമ്മുടെ ശുശ്രൂഷാ മേഖലകളിലും ബന്ധങ്ങളിലും മാംസം ധരിച്ച് കൂടെ വസിക്കുന്ന തിരുവചനം നമ്മെ വഴി നടത്തട്ടെ. കൂടുതൽ പ്രേഷിതചൈതന്യത്തോടെ നമ്മുടെ കർമ്മവീഥികളിൽ വിശ്വസ്തരാകാം. നമ്മുടെയും വരും തലമുറയുടെയും രക്ഷക്കായ് കൂട്ടായും കൂട്ടുത്തരവാദിത്തത്തോടും നമുക്ക് പ്രവർത്തിക്കാം. അതിനായുള്ള കൃപയും ആയുരാരോഗ്യവും നൽകി ദൈവം നമ്മെ വഴിനടത്തട്ടെ.

*ഏവർക്കും പുതുവത്സരാശംസകൾ നേരുന്നു.*

**ഫാ. മൈക്കൾ തോമസ്**
എഡിറ്റർ

## ARCHBISHOP'S DIARY, JANUARY2020

| | | | |
|---|---|---|---|
| 01 | WED | 07.00 am | Confirmation, Palayam |
| 03 | FRI | 11.00 am | Annual Day & Graduation Ceremony, LFCN, Monvila |
| 10 | FRI to | 12 SUN | ***KRLCC General Assembly, Neyyatinkara*** |
| 12 | SUN | 07.30 am | PASTORAL VISIT, KOCHUTHOPE |
| | | 06.00 pm | Message, AnanthapuriConvention |
| 14 | TUE | 10.00 am | Silver Jubilee, Sisters of St. Martha, Menamkulam |
| 19 | SUN | 07.30 am | PASTORAL VISIT, FathimaMatha, Kazhakuttom |
| 26 | SUN | 08.00 am | PASTORAL VISIT, St. Xavier's Valiathura |
| | | 06.00 pm | Inauguration, Thiruvananthapuram Convention 2020 |

**Fr. Shynish Bosco**
Secretary to Archbishop

## AUXILIARY BISHOP'S DIARY, JANUARY 2020

| | | | |
|---|---|---|---|
| 02 | THU | 08.00 am | Feast Day Holy Mass, St. Mary's Cathedral, Pattom |
| | | 11.00 am | Marriage Blessing, Palayam |
| | | 05.00 pm | Silver Jubilee, Kochuthope |

| | | | |
|---|---|---|---|
| 03 | FRI | 11.00 am | Marriage Blessing, Pangode |
| 04 | SAT | 11.00 am | Marriage Blessing, Palayam |
| | | 07.00 pm | KCYM Camp, Kollam |
| 05 | SUN | 05.30 pm | Feast Day Eucharistic Celebration, Vizhinjam |
| 06 | MON | 11.00 am | Marriage Blessing, Pangode |
| 08 | WED to 12 SUN | | Ananthapuri Convention |
| 10 | FRI to | 12 SUN | ***KRLCC General Assembly, Neyyatinkara*** |
| 13 | MON | 11.00 am | Marriage Blessing, Vellayambalam |
| 17 | FRI | 05.00 pm | 7th Anniversary, Our lady of mercy School, Puthukurichy |
| 18 | SAT | 10.00 am | KCYM State Program, Thrissur |
| 19 | SUN | 08.00 am | Parish Day, Murukampuzha |
| 20 | MON | 05.30 pm | Feast Day Eucharistic Celebration, Balaramapuram |
| 22 | WED | 06.00 pm | Feast Day Eucharistic Celebration, Pallottines, Monvila |
| 26 | SUN | 09.30 am | Silver Jubilee, Moongode |
| | | 05.00 pm | Feast Day Eucharistic Celebration, Pettah |

**Fr. Shynish Bosco**
Secretary to Archbishop

# JANUARY 2020

***WISH YOU ALL A HAPPY NEW YEAR***

## MESSAGE SENT BY HOLY FATHER POPE FRANCIS FOR THE 50TH ANNIVERSARY OF PRIESTLY ORDINATION OF ARCHBISHOP SOOSA PAKIAM M.

Venerabili Fratri

## MARIAE CALLlSTO SOOSA PAKIAM

Archiepiscopo Metropolitae Trivandrensi Latinorum

Ante Domini Nativitatem, dies XX mensis Decembris singularem afferet tibi, Venerabilis Frater, causam laetitiae ob insigne Sacerdotii munus, quod decem ante lustra pientissime accepisti.Universa sane Trivandrensis Latinorum ecclesialis communitas sollemniter tecum celebrabit hunc vitae tuae singularem eventum, quae primum quondam recepit te suum Archiepiscopum Metropolitam. Quapropter et Nos, hac oblata occasione, volumus Nostram gratulabundam vocem cum tot aliis consociare simulque presbyteralis et episcopalis vitae tuae curriculum in fideles sanctificandos destinatum recolere.

Primum quidem studiorum consueto expleto curriculo in Seminario dioecesano, anno MCNI,XIX laetus sacerdotalem suscepisti ordinationem, ac exinde Eucharistica Hostia litasti. Demum missus es Romam ad biblica ac liturgica studia prosequenda. Postea varia officia explevisti tua in dioecesi.

Triginta ante annos ob singulares animi tui dotes sanctus Ioannes Paulus 11, Decessor Noster fel. mem., te nominavit Episcopum Coadiutorem Sedis Trivandrensis Latinorum, quam inde die XXXI mensis Ianuarii armo MCMXCI pleno iure ducendam suscepisti. Cum autem prosperam ob fidei progressionem rerum adiuncta id sinerent, die Ill mensis Iunii anno MMV idem Summus Pontifex novan in India erexit Ecclesiae provinciam Trivandrensem Latinorum, quam tibi commisit regendan. Vir probus atque spiritalem vitam colens, pastoralem socialemque populi sui quaerens utilitatem, semper gravia munera tua sapienter et actuose es exsecutus. Totius Keralae regionis efficaciter fovisti evangelizationem, catechetican, liturgicam et biblican plebis institutionem, etiam per laicorum apostolatum, sed etiam de vocationibus valde es sollicitus. Quae Fratres in Episcopatu quoque magni aestimant, quia recenter Praeses electus es Conferentiae cum ab Episcopis Catholicis Keralae turn ab Episcopis Catholicis Latinis Regionis Keralae.

De his igitur plurimisque aliis de causis gratulari tibi festinamus Sacerdotii tui faustam memoriam omniaque salutaria incepta in bonum christifidelium quinquaginta per annos diligenter et fideliter expleta. Te denique, Venerabilis Frater, hunc faustum celebrantem eventum totamque tuam communitatem matemae intercessioni Beatae Mariae Virginis Dei Genetricis enixe commendamus, abundantes divinas gratias et consolationes tibi exposcentes. Dum pro Nostro ministerio exercendo preces poscimus, Benedictionem Apostolicam, tibi imo ex corde impertimur, quam pertinere volumus ad Episcopum Auxiliarem, sacerdotes, Seminarii alumnos, religiosos religiosasque et christifideles tuae curae concreditos omnesque iubilaris laetitiae tuae participes.

Ex Aedibus Vaticanis, die XVHI mensis Noiequbris, anno MMXIX, Pontificatus Nostri septimo.

***POPE FRANCIS***

**BIRTHDAYS**

| | | |
|---|---|---|
| 1. | Rev. Fr. Jose Karekatt msfs | 01.01.1962 |
| 2. | Rev. Fr. Denson Joosai IV Dei | 01.01.1981 |
| 3. | Rev. Fr. Norbert OFM Cap | 06.01.1989 |
| 4. | Rev. Fr. Judith Pius Lawrence | 08.01.1980 |
| 5. | Rev. Fr. Francis Menachery IC | 10.01.1967 |
| 6. | Rev. Fr. Thiyadatious A D'cruz | 10.01.1969 |
| 7. | Rev Fr. Kuzhimannil Roy Alex SJ | 10.01.1982 |
| 8. | Rev. Fr. Edison Y. M. | 11.01.1975 |
| 9. | Rev. Fr. Victor J. Everystus IV Dei | 12.01.1981 |
| 10. | Rev. Dr. Hyacinth M. Nayakam | 13.01.1957 |
| 11. | Rev. Fr. Abraham Thylammanal SAC | 14.01.1948 |
| 12. | Rev. Fr. Jijo George Palliparambil | 14.01.1973 |
| 13. | Rev. Fr. John Dall | 14.01.1984 |
| 14. | Rev. Fr. Malbin Soosai | 15.01.1978 |
| 15. | Rev. Fr. Michael Thomas | 16.01.1972 |
| 16. | Rev.Fr. John Paul SAC | 18.01.1961 |
| 17. | Rev. Fr. Sebastian Koodappattu, OCD | 18.01.1967 |
| 18. | Rev. Fr. Jose Franklin B. | 19.01.1973 |
| 19. | Rev. Fr. Rajeesh V. Rajan | 21.01.1983 |
| 20. | Rev. Fr.Stephen Mukkattil Sdb | 23.01.1952 |
| 21. | Rev. Fr. Albert M. | 25.01.1963 |
| 22. | Rev. Fr. Ansel Antony CMF | 25.01.1978 |
| 23. | Rev. Fr. Joseph Macherithakidiyil, OCD | 26.01.1971 |
| 24. | Rev. Fr. Romance L. | 27.01.1942 |
| 25. | Rev. Fr. Britto Prabhu CMF | 27.01.1992 |
| 26. | Rev. Fr. Pancretius A. | 28.01.1955 |
| 27. | Rev. Fr. Fredy Solomon | 28.01.1976 |
| 28. | Rev. Fr. Vishal V | 28.01.1988 |

**ORDINATION ANNIVERSARIES**

| | | |
|---|---|---|
| 1. | Rev. Fr. George Kooliath OFM Cap | 02.01.1984 |
| 2. | Rev. Fr. Pious Vachaparambil .S.J. | 02.01.1994 |
| 3. | Rev Fr Thomas Padinjarayil SDB | 02.01.2003 |

| | | |
|---|---|---|
| 4. | Rev. Fr. Thomas Thanniyil(Tom) | 02.01.2006 |
| 5. | Rev. Fr. Tom John Thanniyil CMF | 02.01.2006 |
| 6. | Rev. Fr. Anto Joris | 03.01.2000 |
| 7. | Rev. Fr. Dasappan S.J. | 03.01.2004 |
| 8. | Rev. Fr. Manu Kulapurath RCJ | 04.01.2018 |
| 9. | Rev. Fr. Jose Pulinthanath S.J | 05.01.2002 |
| 10. | Rev. Fr. Joseph Roy, Ofm Cap | 05.01.2002 |
| 11. | Rev. Fr. Jeeson Thannikkot OSJ | 05.01.2008 |
| 12. | Rev Fr. Ponthempilly Devassy Paul SJ | 06.01.2007 |
| 13. | Rev. Fr. Jose G | 07.01.1998 |
| 14. | Rev. Fr. Shaju William | 07.01.1998 |
| 15. | Rev Fr. Kunnappallil Sunny Thomas SJ | 08.01.1994 |
| 16. | Rev. Fr.Antony Mujanattu , OCD | 28.01.2018 |
| 17. | Rev. Fr. Joseph Macherithakidiyil, OCD | 29.01.2002 |
| 18. | Rev. Fr. Kurian Alumkal,OCD | 29.01.2002 |
| 19. | Rev. Fr. Palathanadil Sabu SJ | 29.01.2005 |

**DECEASED PRIESTS**

| | | |
|---|---|---|
| 1. | Rev. Fr. Alphonse G. Fernandez | 02.01.1980 |
| 2. | Rev. Fr. Andrew J. | 02.01.2009 |
| 3. | Very Rev. Msgr. Mark Fernandez | 05.01.1970 |
| 4. | Rev. Fr. Sebastian George | 24.01.1989 |
| 5. | Rev. Fr. Varghese G. | 24.01.1978 |
| 6. | Rev. Fr. Charles OCD | 31.01.1952 |

**RELIEVING**

Mr. C. P. Mathew is relieved from the office of the Finance Officer of the Latin Archdiocese of Trivandrum, Vellayambalam, Trivandrum, with effect from 13th December 2019.

Ref: 3242/K-5/KCBC/OL/DS 19.12. 2019

# മിസ്സിയോ ദേയി 2020

## പ്രേഷിതവർഷാചരണത്തോടനുബന്ധിച്ച് കെസിബിസി പുറപ്പെടുവിക്കുന്ന സർക്കുലർ

പ്രിയ സഹോദരങ്ങളേ,

കേരള കത്തോലിക്കാസഭ രണ്ടായിരത്തി ഇരുപതാമാണ്ട് (2020) പ്രേഷിതവർഷമായി ആചരിക്കുകയാണ്. പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പായുടെ ആഹ്വാനപ്രകാരം 2019 ഒക്ടോബർ മാസം അസാധാരണ പ്രേഷിതമാസമായി ആചരിച്ചതിന്റെ തുടർച്ചയായിട്ടാണ് പ്രേഷിതവർഷം നാം ആചരിക്കുന്നത്. പ്രേഷിതമാസത്തിൽ സഭാപ്രബോധനങ്ങളുടെ വെളിച്ചത്തിൽ ധാരാളം പഠനശിബിരങ്ങളും ചർച്ചകളും മിഷണറി സംഗമങ്ങളും മിഷൻ പ്രദേശങ്ങൾ സന്ദർശിക്കലും മിഷണറിമാർക്കുവേണ്ടിയുള്ള പ്രാർത്ഥനകളുമെല്ലാം നാം നടത്തുകയുണ്ടായി. തുടർന്നും ഇത്തരം പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനും കേരളസഭയിലാകമാനം ഒരു പ്രേഷിതമാനസാന്തരം രൂപപ്പെടാനും പ്രേഷിതരൂപീകരണം അജപാലനശുശ്രൂഷയുടെ പ്രഥമ പരിഗണനാ വിഷയമാക്കിമാറ്റാനും പ്രേഷിതവർഷാചരണം ഉപകാരപ്രദമാണ്. ദനഹാ അഥവാ പ്രത്യക്ഷീകരണത്തിരുനാളിൽ (2020 ജനുവരി 5,6) ആരംഭിക്കുന്ന പ്രേഷിതവർഷം ക്രിസ്തുരാജന്റെ തിരുനാളിൽ (2020 നവംബർ 22) സമാപിക്കും.

പ്രേഷിതവർഷത്തിന് ദൈവികദൗത്യം എന്നർത്ഥം വരുന്ന *മിസ്സിയോ ദേയി* എന്നാണ് പേരു നല്കിയിട്ടുള്ളത്. ആദ്യപാപംമൂലം സംഭവിച്ച പാപത്തിന്റെയും മരണത്തിന്റെയും അവസ്ഥകളിൽനിന്ന് മനുഷ്യകുലത്തെ ഉയർത്താൻ ദൈവം ഒരുക്കിയ പദ്ധതിയാണ് മിസ്സിയോ ദേയി, അഥവാ ദൈവത്തിന്റെ രക്ഷാകരപദ്ധതി (ഉത്പ 3:15). ലോകത്തിന്റെ രക്ഷയ്ക്കായി തന്റെ ഏകജാതനെ നല്കാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു (യോഹ 3:16). സമയത്തിന്റെ പൂർണതയിൽ ദൈവപുത്രനായ യേശുക്രിസ്തു അവിടത്തെ മനുഷ്യാവതാരം, പരസ്യശുശ്രൂഷ എന്നിവയിലൂടെയും പീഡാസഹനം, മരണം, ഉത്ഥാനം എന്നീ പെസഹാരഹസ്യങ്ങളിലൂടെയും ദൈവികപദ്ധതി പൂർത്തിയാക്കി. പാപത്തിന്റെയും മരണത്തിന്റെയും മേൽ ക്രിസ്തു വരിച്ച വിജയമാണ് നമ്മുടെ

രക്ഷയ്ക്കു നിദാനമായത്. എല്ലാ മനുഷ്യരും രക്ഷിക്കപ്പെടണമെന്നും സത്യത്തിന്റെ അറിവിലേക്ക് വരണമെന്നും ദൈവം ആഗ്രഹിക്കുന്നു (1 തിമോ 2:4).

രക്ഷയുടെ സാർവത്രിക കൂദാശയായിരിക്കാൻവേണ്ടിയാണ് ക്രിസ്തുവിന്റെ മണവാട്ടിയും മൗതികശരീരവുമായ സഭ ദൈവത്താൽ ലോകത്തിലേക്ക് അയയ്ക്കപ്പെട്ടിരിക്കുന്നത്. ലോകാന്തം വരെ എല്ലാ ജനതകളോടും സുവിശേഷം പ്രസംഗിക്കാൻ സഭ കടപ്പെട്ടിരിക്കുന്നു (മത്താ 28:19-20). മനുഷ്യസമൂഹത്തെ ക്രിസ്തുവിൽ നവീകരിക്കുന്നതിനും ദൈവത്തിന്റെ കുടുംബവും കൂട്ടായ്മയുമായി രൂപാന്തരപ്പെടുത്തുന്നതിനുംവേണ്ടി സഭ ലോകത്തിൽ പുളിമാവായി വർത്തിക്കണം. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിയേകദൈവത്തിന്റെ കൂട്ടായ്മയിൽ ഏവരെയും പങ്കുകാരാക്കുക എന്നതാണ് സഭയുടെ പ്രേഷിതദൗത്യത്തിന്റെ ലക്ഷ്യം (രക്ഷകന്റെ മിഷൻ, 23). അതുകൊണ്ട്, ദൈവത്തെ എപ്പോഴും മഹത്ത്വപ്പെടുത്തുവാനും ജനതകൾക്ക് പ്രകാശമാകാനും സഭ നിയോഗിക്കപ്പെട്ടിരിക്കുന്നു.

“പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു”(യോഹ 20:21) എന്നാണ് യേശു തന്റെ അപ്പോസ്തലന്മാരോടു പറഞ്ഞത്. അതിനാൽ സഭയുടെ ശുശ്രൂഷ യേശുവിന്റെ പ്രേഷിതദൗത്യത്തിന്റെ തുടർച്ചയാണ്. അവിടത്തെ കൂടാതെ സഭയ്ക്ക് ഒന്നും ചെയ്യാൻ സാധ്യമല്ല (യോഹ 15:5). അവിടന്നിൽ നിന്നാണ് സഭ പ്രേഷിതദൗത്യത്തിനുള്ള കല്പനയും അതു നിർവഹിക്കാനുള്ള അധികാരവും സ്വീകരിക്കുന്നത്. ക്രിസ്തു അപ്പോസ്തലന്മാരെ ഭരമേല്പിച്ച ദൈവികദൗത്യം (മിസ്സിയോ ദേയി) ലോകാവസാനംവരെ തുടരേണ്ടതുണ്ട്. സഭയോടൊപ്പം, സഭാമക്കളായ നാമോരോരുത്തരും ഈ വിളിയും വെല്ലുവിളിയും ഏറ്റെടുക്കണമെന്ന് പ്രേഷിതവർഷം നമ്മെ അനുസ്മരിപ്പിക്കുന്നു.

ക്രിസ്തുവിന്റെ തന്നെ ആത്മാവിനാൽ പ്രചോദിതയായി, അവിടന്ന് സഞ്ചരിച്ച പാതയിലൂടെതന്നെ സഭയും ചരിക്കണം. ഉത്ഥിതനായ കർത്താവ് തന്റെ ശിഷ്യരുടെമേൽ പരിശുദ്ധാത്മാവിനെ അയച്ചു. സഭയെ അതിന്റെ ദൗത്യത്തിൽ നയിക്കുന്നത് പരിശുദ്ധാ

ത്മാവാണ്. ദാരിദ്ര്യത്തിന്റെയും അനുസരണത്തിന്റെയും സേവനത്തിന്റെയും, മരണംവരെയുള്ള ആത്മസമർപ്പണത്തിന്റെയും മാർഗത്തിലൂടെയാണ് ആത്മാവ് സഭയെ നയിക്കുന്നത്. ഈ പാതയിലൂടെ മുന്നേറാൻ സഭയ്ക്കും സഭാതനയർക്കും കാലഘട്ടത്തിനനുസൃതമായി പ്രേഷിതമാനസാന്തരം ആവശ്യമാണെന്ന യാഥാർത്ഥ്യം നാം മറക്കരുത്.

**പ്രേഷിത മാനസാന്തരം**

പ്രേഷിതമാസത്തിൽ സഭയുടെ പ്രേഷിതദൗത്യത്തെക്കുറിച്ച്, പ്രത്യേകിച്ച്, മാമ്മോദീസാ നല്കി അയയ്ക്കപ്പെട്ട സഭാംഗങ്ങളുടെ ദൗത്യത്തെക്കുറിച്ച്, ഫ്രാൻസിസ് പാപ്പാ ഉദ്ബോധിപ്പിക്കുകയുണ്ടായി. പ്രേഷിത ദൗത്യനിർവഹണമേഖലയിൽ സഭയ്ക്ക് ഒരു മാനസാന്തരം (missionary conversion) ആവശ്യമുണ്ടെന്ന് അദ്ദേഹം പറഞ്ഞു. പ്രേഷിത ദൗത്യം അഥവാ മിഷൻ എന്നത് സഭയുടെ ഒരു ഐച്ഛിക വിഷയമല്ല. കാരണം, സഭതന്നെ മിഷനാണ്. മിഷനറി പ്രവർത്തനമാണ് സഭയുടെ എല്ലാ സംരംഭങ്ങളുടെയും ലക്ഷ്യം. മിഷനറിയല്ലാത്ത സഭ സഭയല്ലെന്നും പാപ്പ മുന്നറിയിപ്പു നല്കുന്നുണ്ട്.

സഭയുടെ പ്രേഷിതദൗത്യം സുഗമമാക്കാൻ ഫ്രാൻസിസ് പാപ്പാ പ്രേഷിതമാസത്തിൽ നിർദ്ദേശിച്ച നാല് ആത്മീയ പാതകൾ നാം വിചിന്തന വിഷയമാക്കേണ്ടതുണ്ട്. ഒന്ന്, ദൈവവചനത്തിലും ദിവ്യകാരുണ്യത്തിലും മറ്റ് കൂദാശകളിലും പ്രാർത്ഥനകളിലും ക്രിസ്തുവിനെ കണ്ടുമുട്ടുക. രണ്ട്, ക്രിസ്തുസ്നേഹത്തെ പ്രതി പ്രേഷിതവേലയ്ക്ക് സ്വയം സമർപ്പിച്ചു കടന്നുപോയ വിശുദ്ധരും രക്തസാക്ഷികളുമായുള്ള ആത്മീയ സംസർഗം ശക്തിപ്പെടുത്തുക. മൂന്ന്, പ്രേഷിതദൗത്യം തിരിച്ചറിയാനും അതിൽ പൂർണമായി സമർപ്പിക്കാനുമാവശ്യമായ പ്രേഷിതരൂപീകരണം നേടുക. നാല്, ഓരോ ക്രിസ്തുശിഷ്യനും പ്രേഷിതശിഷ്യൻ (missionary disciple) എന്ന നിലയിൽ കാരുണ്യപ്രവൃത്തികൾ ചെയ്യുന്നതിന് പരിശ്രമിക്കുകയും പരസ്പരം പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

“എല്ലാ ജനതകളുടെയും സാക്ഷ്യത്തിനായി ദൈവരാജ്യത്തിന്റെ സുവിശേഷം ലോകമെങ്ങും”(മത്താ 24:14) പ്രഘോഷിക്കാനുള്ള സഭയുടെ ദൗത്യത്തിൽ പ്രേഷിതമാനസാന്തരം സഭയുടെ എല്ലാ

ശുശ്രൂഷാമേഖലകളിലും സംഭവിക്കണം. "ക്രിസ്തുവിന്റെ സ്നേഹം ഞങ്ങൾക്ക് ഉത്തേജനം നല്കുന്നു" (2 കോറി 5:14) എന്ന പൗലോസ് അപ്പോസ്തോലന്റെ പ്രേഷിതതീക്ഷ്ണതയാണ് ഇക്കാര്യത്തിൽ നമുക്കും ഉണ്ടായിരിക്കേണ്ടത്.

2019 ഒക്ടോബർ 6 മുതൽ 27 വരെ റോമിൽ വച്ചു നടന്ന ആമസോൺ സിനഡിന്റെ അന്തിമരേഖയിലെ ഏറ്റവും ശ്രദ്ധേയമായ വാക്ക് മാനസാന്തരം എന്നതാണ്. അഞ്ചു വ്യത്യസ്ത മേഖലകളിൽ സംഭവിക്കേണ്ട മാനസാന്തരത്തെക്കുറിച്ച് ഈ രേഖ സൂചിപ്പിക്കുന്നുണ്ട്. ക്രൈസ്തവജീവിതത്തിന്റെ എല്ലാ മേഖലകളിലും ലളിതവും അടക്കമുള്ളതുമായ ജീവിതശൈലി അനുഷ്ഠിച്ചുകൊണ്ട് ജീവിതശൈലിയിലുണ്ടാകേണ്ട സമഗ്രമായ മാനസാന്തരമാണ് അതിൽ ഒന്നാമത്തേത്. അജപാലനരംഗത്ത് സഭയ്ക്കുണ്ടാകേണ്ട മാനസാന്തരമാണ് രണ്ടാമത്തേത്. അതായത്, അജപാലനപരമായ ഒരു സ്ഥിരം സാന്നിധ്യമായി സഭയുടെ ശുശ്രൂഷകൾ മാറണം. മൂന്നാമത്തേത്, സാംസ്കാരിക മാനസാന്തരമാണ്. പ്രേഷിത ദൗത്യനിർവഹണമേഖലകളിൽ വിവിധ സംസ്കാരങ്ങളെ പ്രയോജനപ്പെടുത്തിക്കൊണ്ട് മിശിഹായുടെ സന്ദേശം വൈവിധ്യമാർന്ന അവരുടെ ജീവിതത്തിൽ ഭംഗിയായി ആവിഷ്കരിക്കാൻ നാം ശ്രദ്ധവയ്ക്കണം. പരിസ്ഥിതിപരമായ മാനസാന്തരമാണ് നാലാമത്തേത്. പ്രകൃതിയുടെ സംരക്ഷണം ദാരിദ്ര്യമനുഭവിക്കുന്നവർക്കും ഭൂമിയിലെ ഏറ്റവും അവഗണിക്കപ്പെട്ടവർക്കുമുള്ള നീതിയാണ്. പരിസ്ഥിതിക്ക് എതിരേ ചെയ്യുന്ന പ്രവൃത്തിയോ ഉപേക്ഷയോ പാരിസ്ഥിതിക പാപമാണെന്ന് ആമസോൺ സിനഡ് ഓർമ്മപ്പെടുത്തുകയുണ്ടായി. ഏറ്റവും ഒടുവിലത്തേതും എന്നാൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നതുമാണ് സിനഡൽ മാനസാന്തരം എന്നത്. അതായത്, സഭയിൽ കൂട്ടായ ഉത്തരവാദിത്വവും ശുശ്രൂഷയുടെ അരൂപിയും വളർന്നുവരണം. കൂട്ടായ തീരുമാനങ്ങൾ എടുക്കുന്നതിനും അജപാലനപരമായ വെല്ലുവിളികൾക്ക് മികച്ച പ്രതികരണം കൊടുക്കുന്നതിനും സംവാദത്തിന്റെയും പരസ്പരം ശ്രവിക്കലിന്റെയും ആത്മീയ വിവേചനത്തിന്റെയും സമവായത്തിന്റെയും കൂട്ടായ്മയുടെയും സംസ്കാരം ശക്തിപ്പെടണം.

**പ്രേഷിത രൂപീകരണം**

ആഗോള കത്തോലിക്കാസഭ മുഴുവനും പ്രേഷിതദൗത്യനിർവഹണത്തിൽ ജാഗ്രതയോടെ വർത്തിക്കണമെന്ന് ഫ്രാൻസിസ് പാപ്പാ ആഹ്വാനം ചെയ്യുമ്പോൾ, ഭാരതസഭയിലും കേരളസഭയിൽ പ്രത്യേകിച്ചും ഇതിനുള്ള തയ്യാറെടുപ്പുകൾ നടക്കേണ്ടതുണ്ട്. സഭയിലെ എല്ലാ രൂപതകളിലും ഇടവകകളിലും സ്ഥാപനങ്ങളിലും കുടുംബങ്ങളിലും വ്യക്തിജീവിതത്തിലുമെല്ലാം പ്രേഷിതത്വത്തിലേക്കുള്ള മാനസാന്തരം സംഭവിക്കണം. അതുപോലെ, സഭയിലെ വിശ്വാസ പരിശീലനം, വൈദിക-സന്ന്യസ്ത-അല്മായ രൂപീകരണം, വിദ്യാഭ്യാസം, ആരോഗ്യം, കലാ-സാംസ്കാരികരംഗം തുടങ്ങിയ വിവിധ ശുശ്രൂഷാ മേഖലകളിലെല്ലാം പ്രേഷിത ചൈതന്യം ജ്വലിക്കേണ്ടതുണ്ട്. കൂടുതൽ കൂട്ടായ്മയോടെയും പ്രേഷിത പങ്കാളിത്തത്തോടെയും പ്രവർത്തിക്കുന്ന ക്രിസ്തുശിഷ്യരുടെ സമൂഹമായി കേരളസഭയെ രൂപാന്തരപ്പെടുത്താൻ ഈ പ്രേഷിതവർഷം സഹായകരമാകട്ടെ. കേരളത്തിനകത്തും പുറത്തുമുള്ള മിഷൻ കേന്ദ്രങ്ങളിലെ പ്രവർത്തനങ്ങൾ ക്രോഡീകരിച്ചുകൊണ്ടും കൂടുതൽ ശക്തമാക്കിക്കൊണ്ടും പ്രവർത്തനനിരതരാകാൻ ഈ പ്രേഷിതവർഷത്തിൽ നമുക്ക് ജാഗ്രതയോടെ പരിശ്രമിക്കാം. പ്രേഷിതരെ നയിക്കുന്ന പരിശുദ്ധാത്മാവ് നമ്മുടെ പരിശ്രമങ്ങളെ ഫലദായകമാക്കട്ടെ!

എല്ലാവർക്കും ദൈവാനുഗ്രഹം പ്രാർത്ഥിച്ചുകൊണ്ട്,

സ്നേഹാദരങ്ങളോടെ,

**മാർ ജോർജ് കാർഡിനൽ ആലഞ്ചേരി**
പ്രസിഡന്റ്, കെസിബിസി

**ബിഷപ് ഡോ. വർഗീസ് ചക്കാലയ്ക്കൽ**
വൈസ് പ്രസിഡന്റ്, കെസിബിസി

**ബിഷപ് ഡോ. ജോസഫ് മാർ തോമസ്**
സെക്രട്ടറി ജനറൽ, കെസിബിസി

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം, കൊച്ചി - 682 025

**N.B**:2019 ഡിസംബർ 29-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യണം.

Ref: CA-76/2019 16 December 2019

**LIST OF ARCHDIOCESAN HOLIDAYS - 2020**

A. All Sundays and Second Saturdays

B. All Holidays declared by the Universal Church

C. The following days:

| | |
|---|---|
| January 01 | Solemnity of Mother of God (Wed) |
| January 26 | Republic Day (Sun) |
| February02 | Episcopal Ordination Anniversary of Archbishop (Sun) |
| March 19 | Feast of St. Joseph (Archbishop's Patron's Feast day) (Thu) |
| April09, 10, 11, 12 | Easter Triduum (Thur, Fri, Sat & Sun) |
| May01 | Feast of St. Joseph the Worker (Fri) |
| August 15 | Solemnity of Assumption & Independence Day (Wed) |
| August 31, Sept 01, 02 | Onam Holidays (Mon, Tue & Wed) |
| October 02 | Gandhi Jayanthi Day (Fri) |
| November 01 or 02 | Afternoon - All Souls Day (Sun & Mon) |
| November 13 | Afternoon (Fri) |
| November 21 | Afternoon - Christ the King Feast (Sat) |
| November 25 | Feast of Bishop Christudas (Wed) |
| December 23-26 | Christmas Holidays (Wed,Thu,Fri& Sat) |

**Rev. Dr. Edison Y.M.**

Chancellor

Prot. No.2019/AB/497 13 December, 2019

To
All Parish Priests and Parochial Administrators in the Latin Archdiocese of Trivandrum,

Dear and Very/ Rev. Msgr./ Father,

***Prayerful Advent Season Greetings from Archbishop's House, Vellayambalam.***

The parish archive is the *locus* of the records on the sanctification of faithful and other pastoral activities done in the parishes. The proper maintenance and up keeping of the Parochial registers and other records help the pastor and his associates for the further reception of the sacraments of the faithful, integral development in the parish pastoral activities and welfare of the poor. It is my responsibility to have vigilance over the parish archives in the archdiocese (CIC Canon 535 §4), and which has been done in connection with the Pastoral visits.

In order to draw a comprehensive data of the parish archives in the Archdiocese, I hereby delegate Chancellor, Rev. Fr. Edison Y.M. to make canonical visit to the parishes and Quasi-Parishes in the Archdiocese to inspect the records, files and other things in the parish archives and give a detailed report on it (cf. CIC Canon 535 §4),. Your Reverence may order the Parish Archive according to the instructions given from the Chancery and prepare and get ready with the annual statistical data of 2019, Bio data of your reverence, the Mass and other sacraments/sacramental timings of your Parish and Parish land records that are to be given at the time of his visit in your Parish.

The canonical visitation will begin in the month of January 2020; further details on date, time etc. will be intimated by the Chancellor. Your Reverence is asked to collaborate with him in furnishing the task entrusted for the good of the people of God. God bless you.

With Prayerful regards,
Yours in Jesus and Mary,

† Soosa Pakiam M
Archbishop of Trivandrum

Prot. No.2019/AB/250/EO-105/Dio-FO Dated:13 December 2019

## APPOINTMENT ORDER

**SOOSA PAKIAM M.**

**BY THE GRACE OF GOD AND FAVOUR OF THE APOSTOLIC SEE ARCHBISHOP OF TRIVANDRUM**

**Mr. Francis Borgia A**
Flat No. 3, Plamoottil Building,
Krishnavilasam Road,
Iswara Vilasam, Vazhuthacaud,
Trivandrum – 14

By virtue of this letter I appoint you to be

**THE FINANCE OFFICER**
**OF THE LATIN ARCHDIOCE OF TRIVANDRUM**

As per canon 494 with the faculties, duties rights and privileges which pertain to this office according to the Code of canon Law (Canon 494, 492 & 493), the Directives of the Archdiocese, Bye-law of the Finance Council, Customs and Particular Laws of the Archdiocese 2019. You are appointed to this office for a term of 5 years as per Canon 494 § 2.

Please take charge of your new office on the date of appointment noted below after making the Oath of Fidelity (as per the instruction of the Sacred Congregation for the Doctrine of Faith) and the Promise of Secrecy (Canon 471) before me.

Date of appointment to be effected : **13th December 2019**

With all good wishes,
Yours in Jesus and Mary,

| | |
|---|---|
| Rev. Dr. Edison Yohannan | † Soosa Pakiam M., |
| Chancellor | Archbishop of Trivandrum |

Copy to :
1. Most Rev. Dr. Christudas R, The Auxiliary Bishop and Vicar General of Archdiocese of Trivandrum
2. Very Rev. Dr. Joseph Chinnayyan, Vicar General, Archdiocese of Trivandrum
3. Mr. C. P. Mathew, Finance Officer, Archdiocese of Trivandrum
4. All the priests in the Archdiocese

Ref: CA-90/2019 27 December, 2019

To
All the Parish Priests and Parochial Administrators
In the Archdiocese of Trivandrum

Dear Rev. Father,

***Christmas Season Greetings from the Chancery of the Archdiocese.***

This is to remind your Reverence of the canonical visitation, which was presented in the last presbyterium, as per the instruction of the

Archbishop. I write this to specifically mention of the days and things to be ready during the visit in 2020.

1. Days of visiting

| | | | |
|---|---|---|---|
| a. | Angengo Forane | - | January 07, 10 |
| b. | Kazhhakuttom Forane | - | January 21, 24 |
| c. | Pettah Forane | - | January 28, 31 |
| d. | Pulluvila Forane | - | February 04, 07 |
| e. | Pudukurichy Forane | - | February 11,14 |
| f. | Thoothoor Forane | - | February 18, 21 |
| g. | Valiyathura Forane | - | February 25, 28 |
| h. | Palayam Forane | - | February 04,10,17,24 |
| i. | Kovalam Forane | - | March 03, 06 |

2. Parish Archive preparation

a. Please arrange the archives as per *Particular Lawsof the Latin Archdiocese of Trivandrum* Appendix – 8; or as per the format provided

3. Annual Statistics – 2019

a. Kindly keep ready with the data completed in the forms given

4. Bio-data of priests – please keep ready with the basic details of your Reverence

5. Parish Audit position (as per the instruction of the Auxiliary bishop) kindly keep ready with the parish account books. Expecting your cooperation for drawing up the details of the parish archives for the better functioning of the administration.

Thanking you
Yours faithfully,

**Rev. Dr. Edison Y.M.**
Chancellor

**Metropolitan Tribunal News of Latin Archdiocese of Trivandrum**
**December-2019**

| | | |
|---|---|---|
| Number of Cases at the beginning of 2019 December | | -255 |
| Received Cases in the Month of December | | -006 |
| Total | | =261 |
| Decreed Cases | - 05 | |
| Closed due to Non Co-op | - 19 | |
| Reconciled | - 03 | |
| | ========= | |
| | 27 | |

Balance Cases = 261- 27= 234

***Decreed Cases : 05***

1. Case No: MTLAT/88/2017 between Deepa Joseph and Aswin Silvadasan
2. Case No: MTLAT/21/2017 between Jeethu Jerome and Bibin Raju
3. Case No: MTLAT/27/2017 between Sayana R. and Sabeen
4. Case No: MTLAT/42/2017 between Gladin and Thadhayoose
5. Case No: MTLAT/34/2017 between Barry Stephen and Preethy

**Fr. Jose G.**
Judicial Vicar

**Fr. Paul G.**
Notary

# STATUS OF CASES AT THE END OF 2019

| | | |
|---|---|---|
| PENDING CASES AT THE END OF 2018 | - | 233 |
| RECEIVED 2019 | - | 094 |
| TOTAL | - | 327 |
| DECREED | - | 067 |

| | | | |
|---|---|---|---|
| CLOSED DUE TO NON CO-OP | - | 020 | |
| RECONCILED | - | 004 | 026 |
| CLOSED DUE TO DEATH | - | 002 | |

============

093

327 -
093
=====
234
=====

***BALANCE CASES AT THE END OF 2019 - 234***

# ബിസിസി

## അതിരൂപതാതലം

### 1. ചമ്പാവ് ഹോം മിഷൻ

ഡിസംബർ 8-ാം തീയതി ചമ്പാവ് കർമ്മല മാതാ ദൈവാലയത്തിൽ റവ.ഡോ. ലോറൻസ് കുലാസിന്റെ മുഖ്യകാർമ്മികത്വത്തിൽ അർപ്പിച്ച ദിവ്യബലിയോടെ ആരംഭിച്ചു. ബി.സി.സി. ഡയറക്ടർ റവ. ഡോ. മൈക്കൾ തോമസ്, അസി. ഡയറക്ടർ റവ. ഫാ. സുരേഷ് പയസ്, ഇടവക വികാരി റവ. ഫാ. ബിജിൻ എന്നിവർ സഹകാർമ്മികരായിരുന്നു. ഡിസംബർ 15-ാം തീയതി നടന്ന സമാപന ശുശ്രൂഷയിൽ അഭിവന്ദ്യ ക്രിസ്തുദാസ് പിതാവ് മുഖ്യകാർമ്മികത്വം വഹിച്ചു.

### 2. ബി.സി.സി. അതിരൂപതാതല മീറ്റിംഗ്

ഡിസംബർ മാസം 18-ാം തീയതി ഫെറോനാതല വൈദിക കോർഡിനേറ്റർമാർ, ഉപദേശക സമിതി അംഗങ്ങൾ, ആനിമേറ്റർമാർ, ഫെറോന സെക്രട്ടറിമാർ, റിസോഴ്സ് ടീം അംഗങ്ങൾ എന്നിവരുടെ സംയുക്തയോഗം ആനിമേഷൻ സെന്ററിൽ വച്ച് നടത്തപ്പെട്ടു. ഡയറക്ടർ റവ. ഡോ. മൈക്കൾ തോമസിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ അതിരൂപതാ സംഗമത്തെക്കുറിച്ചും അടുത്ത വർഷം വചന വർഷമായി ആചരിക്കുന്നതിനെക്കുറിച്ചും ചർച്ച ചെയ്തു. ചർച്ചകൾക്കു ശേഷം എല്ലാ അംഗങ്ങളും ചേർന്ന് ക്രിസ്തുമസ് ആഘോഷവും നടത്തി. മോൺ. സി. ജോസഫ് ക്രിസ്തുമസ് സന്ദേശം നൽകി.

## *പുല്ലുവിള ഫൊറോന*

ഫൊറോന കമ്മീഷൻയോഗം ഡിസംബർ 14-ാം തിയതി ശനിയാഴ്ച 10 മുതൽ 1 മണിവരെ പൂവാർ ഇടവക ദേവാലയത്തിൽ ഫാ. ഷാജുവിന്റെ അദ്ധ്യക്ഷതയിൽ കൂടി. ഇടവകവികാരി ഫാ. ഷാബിൻ ക്രിസ്തുമസ് സന്ദേശം നൽകി. കഴിഞ്ഞമാസം നടന്ന ഫൊറോന സംഗമത്തിന്റെ വിലയിരുത്തൽ നടത്തി.

**കൊല്ലംങ്കോട്:** വാർഡുതലയോഗങ്ങൾ കൂടുന്നു. റിസോഴ്സ് ടീം

ഒരുങ്ങി തയ്യാറായി യൂണിറ്റുകളിൽ ചേരുന്നു. ലോഗോസ് ക്വിസിൽ ഒരു യൂണിറ്റിൽനിന്നും 10 പേരെ എങ്കിലും പങ്കെടുപ്പിക്കാൻ തീരുമാനിച്ചു. ലീഡർമാരുടെയോഗം കൂടി.

**കരിങ്കുളം:** ലീഡർമാരുടെയോഗം എല്ലാമാസവും കൃത്യമായി കൂടുന്നു. യൂണിറ്റുകൾ എല്ലാം സജീവമാണ്. കുട്ടികളുടെ ബി.സി.സി. കൂടുന്നു. ഇടവകദിനം ആചരിച്ചു എല്ലാ ശുശ്രൂഷകളും റിപ്പോർട്ടവതരിപ്പിച്ചു.

**ചൊവ്വര:** 3 യൂണിറ്റുകളും കൃത്യമായി കൂടുന്നു.

**പുതിയതുറ:** മറ്റു സഭകളിലേക്കു പോകുന്നുവരെ യൂണിറ്റുകളിൽ നിന്നു മാറ്റി. ലീഡർമാരുടെ യോഗം കൂടി. യൂണിറ്റുയോഗങ്ങൾ കൂടുന്നുണ്ട്.

**പൂവ്വാർ:** ലീഡർമാരുടെ യോഗം കൂടി. ക്രിസ്തുമസ് ആഘോഷം, കരോൾ എന്നിവയെക്കുറിച്ച് ചർച്ചചെയ്തു. യൂണിറ്റുകളെല്ലാം സജീവമായി പ്രവർത്തിക്കുന്നു.

**നമ്പ്യാതി:** എല്ലാ യൂണിറ്റുകളും കൃത്യമായി കൂടുന്നു. ജനറൽ ബോഡി കൂടി. ക്രിസ്തുമസ് കരോൾ നടത്തുന്നതിനെക്കുറിച്ചു ചർച്ച ചെയ്തു.

**ലൂർദ്ദപുരം:** ഇടവകയിൽ ലീഡർമാരുടെ യോഗം കൂടി. യൂണിറ്റുകളെല്ലാം നന്നായി പ്രവർത്തിക്കുന്നു.

**കൊച്ചുതുറ:** യൂണിറ്റുകൾ കൂടുന്നു. ജനറൽ ബോഡി കൂടി. ആനിമേറ്റർ യൂണിറ്റുയോഗങ്ങളിൽ പങ്കെടുക്കുകയും ഭവനങ്ങൾ സന്ദർശിക്കുകയും ചെയ്യുന്നു.

**അടിമലത്തുറ:** എല്ലാവരെയും പങ്കെടുപ്പിച്ചുകൊണ്ട് മെഗാ ലോഗസ് ക്വിസ് നടത്തി. കൊച്ചുപള്ളിയിൽ ലീഡർമാരുടെ യോഗം കൂടി. കരോൾ നടത്തുന്നതിനെകുറിച്ചു ചർച്ച ചെയ്തു.

## തൂത്തൂർ ഫൊറോന

മത്സ്യമേഖലയെക്കുറിച്ച് റവ. ഫാ. ഗിൽദാസ്, അപകടത്തിൽ പെട്ടാൽ ചെയ്യേണ്ടകാര്യങ്ങളെക്കുറിച്ച് സംസാരിക്കുകയും ഒരു ഫോം പരിചയപ്പെടുത്തുകയും ചെയ്തു. ഇൻഷ്വറൻസ് കാര്യങ്ങളെക്കുറിച്ചും കടൽ നിയമങ്ങളെക്കുറിച്ചും സംസാരിച്ചു.

**നീരോടി:** ക്രിസ്തുമസ് പ്രമാണിച്ച് എല്ലാ വാർഡുകളിലും ക്രിസ്തുമസ് സന്ദേശം നൽകാനും കേക്ക് മുറിക്കാനും തീരുമാനിച്ചു.

**മാർത്താണ്ഡംതുറ:** എല്ലാ യൂണിറ്റുകളിലും ക്രിസ്തുമസ് കരോൾ നടത്തി. അതുപോലെ തന്നെ 40 യൂണിറ്റുകളിൽ നിന്നും ഓരോ പാപ്പാമാരെ വീതം വസ്ത്രം അണിയിച്ച് എല്ലാ യൂണിറ്റുകളും സന്ദർശിച്ചു. 24-ാം തീയതി ഇടവകാതല പുൽക്കൂട് മത്സരം ഗ്രോട്ടോയിൽ വച്ച് നടത്തി.

**വള്ളവിള:** ക്രിസ്തുമസ്സിന് പൊതുദിവ്യബലി നടത്തി. ബോട്ടുകൾ കടലിൽ കാണാതെ പോയതിനാൽ ആഘോഷങ്ങൾ നടത്തിയില്ല.

**പുത്തൻതുറ:** ബൈബിൾ ക്വിസ് മത്സരം നടത്തി. കലാമത്സരം, പുൽക്കൂട് മത്സരം, കേക്ക്മുറിക്കൽ എന്നിവ വാർഡ് തലത്തിൽ നടത്തി. 23-ാം തീയതി പള്ളിയങ്കണത്തിൽ 10 വാർഡുകളുടെ പുൽക്കൂടുമത്സരം നടന്നു. 25-ാം തീയതി കാഴ്ചവയ്ച്ച കേക്ക് ദിവ്യബലിക്കുശേഷം മുറിച്ച് സ്നേഹം പങ്കിട്ടു.

**ചിന്നത്തുറ:** കലാമത്സരം, പുൽക്കൂട് ഉണ്ടാക്കൽ മത്സരം എന്നിവ നടത്തി. വൈദീകരൊന്നിച്ച് ക്രിസ്തുമസ് കേക്ക് മുറിച്ചു. എല്ലാ കുടുംബത്തിനും ഓരോ കേക്ക് കൊടുത്ത് ആശംസകൾ അർപ്പിച്ചു.

**തൂത്തൂർ:** 7-12-19 ജനറൽബോഡി കൂടുകയുണ്ടായി. 120 പേർ പങ്കെടുത്തു. അതിൽ എടുത്ത തീരുമാനം അനുസരിച്ച് 17, 18, 19 എന്നീ ദിനങ്ങളിൽ ക്രിസ്തുമസിന് ഒരുക്കമായി 6 മണി തൊട്ട് 8 മണി വരെ ധ്യാനം നടത്തുകയുണ്ടായി. എല്ലാവരും കുമ്പസാരിക്കണമെന്നും മറ്റു പ്രാർത്ഥനാഗ്രൂപ്പുകളിൽ പോകരുതെന്ന് പറയുകയും ചെയ്തു. ബൈബിൾ ക്വിസിൽ എല്ലാവർക്കും പങ്കെടുക്കാൻ പറ്റിയ രീതിയിൽ 8 തൊട്ട് 18 വയസ്സുവരെയുള്ളവർക്ക് 30 അദ്ധ്യായത്തിൽ നിന്ന് 50 ചോദ്യം എന്ന് തീരുമാനിക്കുകയും ചെയ്തു. 22-ാം തീയതി ക്രിസ്തുമസ്സിനു വേണ്ടിയുള്ള പ്രത്യേക ദിവ്യബലി അർപ്പിച്ച് കടൽതീരത്തുവച്ച് കേക്ക് മുറിക്കുകയും ചെയ്തു. 23-ാം തീയതി ഫെറോനാതലത്തിൽ പുൽക്കൂട് മത്സരവും മാരത്തോൺ ഓട്ടമത്സരവും നടത്തി. 26-ാം യൂണിറ്റിൽ നിന്ന് പാവപ്പെട്ടവർക്ക് 2500 രൂപ വീതം ക്രിസ്തുമസ് സമ്മാനമായി കൊടുക്കുകയുണ്ടായി.

**പൂത്തുറ:** 16-12-2019 ന് ജനറൽബോഡി മീറ്റിംഗ് നടന്നു. അതിൽ 75 പേർ പങ്കെടുത്തു. അതിരൂപതയിൽ നിന്ന് ബി.സി.സി. രൂപതാ ഡയറക്ടർ വെരി റവ. ഡോ. മൈക്കൾ തോമസ് മീറ്റിംഗിൽ സംസാരിച്ചു. പൂത്തുറയിൽ ജനുവരി ആദ്യ ആഴ്ചയിൽ ഹോം മിഷൻ ആരംഭിക്കുമെന്നും ഒരുമാസം നീണ്ടു നിൽക്കുന്ന ഈ ശുശ്രൂഷയോട് എല്ലാവരും സഹകരിക്കണമെന്നും ആവശ്യപ്പെട്ട് അതിന്റെ ഗുണഗണങ്ങളെക്കുറിച്ചു സംസാരിച്ചു.

**ഇരയിമ്മൻതുറ:** മതപഠനക്ലാസ്സിൽ 2 മുതൽ 8 വരെയുള്ള ക്ലാസ്സുകളിൽ നിന്ന് 56 കുട്ടികളെ തിരഞ്ഞെടുത്തു. അവർ പാപ്പാതൊപ്പി അണിഞ്ഞ് ഓരോ കേക്കുമായ് ദിവ്യബലി അർപ്പണത്തിന് പങ്കുചേർന്നു. ദിവ്യബലിക്കു ശേഷം ആ കേക്ക് മുറിച്ച് സ്നേഹം പങ്കിട്ടു. 10 ഭവനങ്ങളിൽ പുൽക്കൂട് മത്സരം നടത്തി. ബൈബിൾക്ലാസ്സിൽ 1, 2, 3 സ്ഥാനം നേടിയവർക്ക് സമ്മാനം കൊടുത്തു.

## പേട്ട ഫൊറോന

8-ാം തീയതി 5.30 ന് പോങ്ങുംമൂട് ഫൊറോനാ സെന്ററിൽ വച്ച് ബി.സി.സി. കമ്മീഷൻ മീറ്റിംഗ് നടന്നു. ബഹുമാനപ്പെട്ട ദേവസ്യ അച്ചൻ നേതൃത്വം നൽകി. ഫൊറോനാതലത്തിൽ ജനുവരി 26-ാം തീയതി ബി.സി.സി. സംഗമം നടത്തുവാൻ തീരുമാനിച്ചു. ലത്തീൻ കത്തോലിക്ക സഭയുടെ സവിശേഷതകൾ എടുത്തുകാണിച്ചുകൊണ്ടുള്ള ഒരു സംഗമം ആയിരിക്കും അത്.

**ഇടവകതലം**

**ചെറുവയ്ക്കൽ:** ഉണ്ണിശോയ്ക്കൊരു പുൽക്കൂട് എന്ന ആശയം ആസ്പദമാക്കി ഇടകാംഗങ്ങളിലൂടെ കാണിക്ക സ്വരൂപിച്ച് അനാഥ കുട്ടികളെ സഹായിക്കാൻ ഒരു സംരംഭം നടത്തി. ഇടവകാംഗങ്ങൾ ഒന്നു ചേർന്നു ക്രിസ്മസ് കരോൾ നടത്തി. മൂന്നു യൂണിറ്റുകളിൽ മീറ്റിംഗുകൾ നടന്നു.

**മൺവിള:** എല്ലാ ബി.സി.സി. യൂണിറ്റുകളിലും യോഗം കൂടുകയും ക്രിസ്തുമസ് ആഘോഷിക്കുകയും ചെയ്തു. കോഡിനേറ്റർ രണ്ട് യൂണിറ്റിൽ പങ്കെടുത്തു.

**കുശവർക്കൽ:** എല്ലാ ബി.സി.സി. യൂണിറ്റികളിലും ക്രിസ്തുമസ് ഫ്രണ്ടിനെ തിരഞ്ഞെടുത്തു. ഒരു വർഷം ആ കുടുംബത്തിനുവേണ്ടി പ്രാർത്ഥിക്കാമെന്ന് തീരുമാനിച്ചു. ബി.സി.സി.യിൽ വരാത്ത കുടും ബങ്ങളെ ആനിമേറ്റർ സന്ദർശിച്ച് അവരുമായി സംസാരിക്കുകയും ചെയ്തു.

**കുമാരപുരം:** ബി.സി.സി. യൂണിറ്റുകൾ കൃത്യമായി നടന്നു.

**പേട്ട:** ബി.സി.സി. ജനറൽബോഡി കൂടി. ഇടവകയുടെ ക്രിസ്തു മസ് ആഘോഷം യൂണിറ്റുകളിൽ നടത്തി.

**ശ്രീകാര്യം:** ഡിസംബർ മാസം വചന വായന മാസമായതിനാൽ ദേവാലയത്തിൽ തന്നെ എല്ലാ ദിവസവും ബൈബിൾ വായിക്കാ നായി യൂണിറ്റുകളെ ചുമതലപ്പെടുത്തി. 2020 ജനുവരി മാസം 26-ാം തീയതിയിലെ ബി.സി.സി. സംഗമത്തിന്റെ വിജയത്തിനായി പ്രത്യേകം പ്രാർത്ഥിക്കുന്നു.

**കുന്നുംപുറം:** നാല് ബി.സി.സി. യൂണിറ്റുകളിലും ക്രിസ്തുമസ് ആഘോഷം നടത്തി. പൗരോഹിത്യത്തിന്റെ സുവർണ്ണജൂബിലി ആഘോഷിക്കുന്ന അഭിവന്ദ്യ പിതാവിന് വേണ്ടി പ്രാർത്ഥിക്കുകയും എല്ലാ കുടുംബവും ഓരോ ക്രിസ്തുമസ് കാർഡ് വീതം അയക്കു കയും ചെയ്തു.

## കോവളം ഫൊറോന

കോവളം ഫൊറോനയുടെ പ്രതിമാസയോഗം ഡിസംബർ 22ന് ആഴാകുളം ഓഫീസിൽ വച്ച് വൈദിക കോർഡിനേറ്ററിന്റെ അദ്ധ്യക്ഷതയിൽ നടന്നു. ഫൊറോനയിൽ ബി.സി.സി. സംഗമം നടത്തേണ്ടതിനെക്കുറിച്ച് ചർച്ച ചെയ്തു. ക്രിസ്തുമസ് ആഘോ ഷങ്ങൾ നടത്തി.

**ഇടവകതലം**

**വവ്വാമൂല:** ബി.സി.സി. യൂണിറ്റ് ലീഡർമാരുടെ നേതൃത്വത്തിൽ രണ്ട് ക്യാൻസർ രോഗികളുടെ ഭവനം സന്ദർശിച്ച് അവർക്ക് ധനസഹായം കൊടുത്തു. മൂന്നാം യൂണിറ്റായ സെന്റ് സേവ്യഴ്സ് വാർഷികവും ക്രിസ്മസ് ആഘോഷവും നടത്തി.

**പെരിങ്ങമല:** ഡിസംബർ 1 മുതൽ ദേവാലയത്തിൽ വച്ച്

യൂണിറ്റുകളുടെ നേതൃത്വത്തിൽ 1—2 മണിക്കൂർ നേരം ബൈബിൾ പാരായണം യൂണിറ്റുകളുടെ നേതൃത്വത്തിൽ നടത്തി.

**പാലപ്പൂര്:** ഡിസംബർ 31-ാം തീയതി കൃതജ്ഞത അർപ്പിച്ച് ആരാധന നടത്താനായി ഓരോ യൂണിറ്റുകളും തീരുമാനിച്ചു.

**പരുത്തിക്കുഴി:** ക്രിസ്മസ് ആഘോഷവും സെന്റ് സേവ്യഴ്സ് യൂണിറ്റിന്റെ വാർഷികവും ഡിസംബർ 15ന് നടത്തി.

## *അഞ്ചുതെങ്ങ് ഫൊറോന*

**അരയതുരുത്തി:** 12 യൂണിറ്റുകളിലും ബി.സി.സി. കൂട്ടായ്മ നടത്തി. എല്ലാ യൂണിറ്റുകളിലും സിസ്റ്റേഴ്സിന്റെ ഭവനസന്ദർശനം നടന്നു. ക്രിസ്തുമസിനോടനുബന്ധിച്ച് പള്ളിയിൽ യൂണിറ്റ് അടിസ്ഥാനത്തിൽ “നക്ഷത്രരാവ്’ എന്ന പേരിൽ മത്സരപരിപാടികൾ സംഘടിപ്പിച്ചു.

**ആറ്റിങ്ങൽ:** 3 യൂണിറ്റുകളിലും ക്രിസ്തുമസ് ആഘോഷിച്ചു. 3-ാം യൂണിറ്റിൽ ബൈബിൾ ക്വിസ് നടന്നു.

**മാമ്പള്ളി:** ജനറൽ ബോഡികൂടി. യൂണിറ്റുകൾ സജീവമായി പ്രവർത്തിക്കുന്നു. യൂണിറ്റ് തലത്തിൽ കടപ്പുറം വൃത്തിയാക്കി.

**മൂങ്ങോട്:** 14 യൂണിറ്റുകളിലും ബി.സി.സി. പ്രാർത്ഥന നടന്നു. യൂണിറ്റിൽ ക്രിസ്തുമസ് ഫ്രണ്ടിനെ എടുക്കുകയും സമ്മാനങ്ങൾ കൈമാറുകയും ചെയ്തു.

**ചമ്പാവ്:** ഡിസംബർ 14ന് ജനറൽ ബോഡികൂടി. യോഗത്തിൽ അതിരൂപതാ ഡയറക്ടർ ബഹു. ഡോ. മൈക്കൾ തോമസ്, ആനിമേറ്റേഴ്സ് എന്നിവർ സന്നിഹിതരായിരുന്നു. ഇടവകയിൽ നടത്തിയ ഹോം മിഷൻ 15-ാം തീയതി സമാപിച്ചു.

**വെണ്ണിയോട്:** ജനറൽ ബോഡികൂടി. ഡിസംബർ മാസത്തിൽ എല്ലാ ദിവസവും ദിവ്യബലിക്ക് മുൻപ് ബൈബിൾ പാരായണം നടത്തുന്നു. ക്രിസ്തുമസ് പ്രമാണിച്ച് ഉണ്ണീശോടുള്ള നൊവേന നടത്തുന്നു. ഇടവക വികാരി ഫാ. ജീസൻ വചനവിചിന്തനം നടത്തി ദൈവജനത്തെ ക്രിസ്തുമസിന് ഒരുക്കുന്നു.

## പാളയം ഫൊറോന

എക്സിക്യൂട്ടീവ് യോഗം മാസാദ്യവും മാസാവസാനവും കൂടി. വിലയിരുത്തൽ, പ്ലാനിംഗ് എന്നിവ നടത്തി.

ഫൊറോന ബി.സി.സി. സംഗമം 2020 ഫെബ്രുവരി ഒന്നാം തീയതി ശനിയാഴ്ച പാളയം ഇടവക ഹാളിൽ 3 മണി മുതൽ 6 മണി വരെ നടത്തുവാൻ തീരുമാനിച്ചു. യൂണിറ്റു ഭാരവാഹികൾ മൂന്നുപേരും നിശ്ചയമായും പങ്കെടുക്കണം ബി.സി.സി. യൂണിറ്റു ഇടവക പ്രവർത്തന വിലയിരുത്തൽ തയ്യാറാക്കി അവതരിപ്പിക്കേണ്ടതാണ്.

**ഇടവകതലം**

15 ഇടവകകളിൽ യൂണിറ്റ് യോഗങ്ങൾ നടന്നു. ലീഡേഴ്സ് യോഗം 5 ഇടവകകളിൽ നടന്നു. എല്ലാ യൂണിറ്റുകളിലും ക്രിസ്മസ് ആഘോഷിച്ചു. 18 ഇടവകകളിൽ കരോൾ നടന്നു. മണക്കാട്, കിള്ളിപ്പാലം, തൃക്കണ്ണാപുരം, നന്തൻകോട്, പേരൂർക്കട എന്നീ ഇടവകകളിൽ ഉപവാസ കാണിക്ക ഇടവകകളിലെ ഏറ്റവും നിർധനരായ കുടുംബങ്ങൾക്കും ഇടവകാതിർത്തിക്കുള്ളിലെ ഏറ്റവും ദരിദ്രരായ കുടുംബങ്ങൾക്ക് ക്രിസ്മസ് കിറ്റ് വിതരണം ചെയ്തു. പുന്നയ്ക്കാമുഗൾ ഇടവകയിൽ ഉപവാസ കാണിക്ക കാലടിയിലുള്ള ആതുരാലയമായ സ്നേഹഭവനിലെ അന്തേവാസികൾക്ക് അത്യാവശ്യമായ സാധനങ്ങൾ വാങ്ങി വിതരണം ചെയ്തു. അവരോടൊപ്പം ഭക്ഷണത്തിൽ പങ്കുചേർന്നു. നന്തൻകോട് ഉണ്ണിക്കൂട്ടമെന്ന പേരിൽ കുട്ടികൾക്കായി വിപുലമായ പരിപാടി നടപ്പാക്കി. വി.എസ്.എസ്.സി. ചെയർമാൻ മുഖ്യാതിഥിയായിരുന്നു. ഇടവകകളിലെ ക്രിസ്മസ് കരോൾ ആഘോഷങ്ങളിലും അതിരൂപതാദ്ധ്യക്ഷന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലിയുടെ കൃതജ്ഞതാബലിലിയിലും, സ്നേഹവിരുന്നിലും ഇടവക പ്രതിനിധികൾ പങ്കെടുത്തതും, ഫൊറോനാതലത്തിൽ നടത്തിയ സാന്താഫെസ്റ്റും ഇടവകകൾ തമ്മിലുള്ള ബന്ധങ്ങൾ വളരുന്നതിനും നേതൃത്വവളർച്ചയ്ക്കും വളരെ സഹായകരമായി.

**റവ. ഫാ. മൈക്കിൾ തോമസ്**
അതിരൂപത ഡയറക്ടർ

# അജപാലനശുശ്രൂഷ

## വലിയതുറ ഫൊറോന

മതബോധനസമിതിയോഗം ഫെറോനാതലത്തിൽ 4-ാം തീയതി വൈകുന്നേരം 4 മണിക്ക് വൈദിക കോർഡിനേറ്ററുടെ അധ്യക്ഷതയിൽ കൂടി. യോഗത്തിൽ 34 അധ്യാപകർ പങ്കെടുത്തു. ഇടവകതല റിപ്പോർട്ടുകൾ അവതരിപ്പിച്ചു. മതബോധന ക്ലാസിൽ വരാത്ത കുട്ടികളെ കണ്ടെത്തികൊണ്ടുവരാൻ ശ്രമിച്ചു. ബൈബിൾ ആരാധനാക്രമം, മതബോധനം കരിസ്മാറ്റിക് എന്നിവയ്ക്കു പ്രാധാന്യം നൽകി വചനാധിഷ്ഠിതമായ ജീവിതം വഴി കുട്ടികളുടെ വളർച്ചയ്ക്കുതകുന്ന രീതിയിൽ പ്രവർത്തനങ്ങൾ ക്രമീകരിച്ചു. 10 ൽ 8 ഇടവകയിൽ സമിതിയോഗങ്ങൾ ക്രമീകരിച്ചു.

## പുല്ലുവിള ഫൊറോന

**ഫെറോനാതലം:** പുല്ലുവിള ഫെറോനാ അജപാലന ശുശ്രൂഷാസമിതി യോഗം 7-12-19 ൽ പുല്ലുവിള ഇടവകയിൽ വച്ച് കോർഡിനേറ്റർ ഫാ. അഗസ്റ്റിൻ ജോണിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചു. പ്രധാനമായി അജപാലനശുശ്രൂഷ സമിതിയുടെ നേതൃത്വത്തിൽ ഇടവകയിലും, ഫെറോനയിലും സംഘടിപ്പിച്ച പ്രവർത്തനങ്ങളുടെ വിലയിരുത്തൽ നടത്തി. തുടർന്ന് 21-12-19 ശനിയാഴ്ച സംഘടിപ്പിക്കുന്ന ക്രിസ്മസ് സഭാ ഐക്യ സംഗമത്തിന്റെ ക്രമീകരണം നടത്തി. ക്രിസ്മസ് സംഗമത്തോടൊപ്പം വിവിധ സഭകളെ ഉൾപ്പെടുത്തി സംഘഗാനമൽസരവും ഉണ്ടായിരിക്കുന്നതാണ്. അജപാലന ശുശ്രൂഷാസമിതി യോഗം 15-12-19 ൽ പുല്ലുവിള ഇടവകയിൽ സംഘടിപ്പിക്കുകയും പുതിയ കൺവീനറിനെ തെരഞ്ഞെടുക്കുകയും ചെയ്തു. തുടർന്ന് ക്രിസ്മസ് പരിപാടിയുടെ ക്രമീകരണം നടത്തുകയും ചെയ്തു. പള്ളം, പുതിയതുറ, കൊച്ചുതുറ, കരുംകുളം, പൂവാർ, പരുത്തിയൂർ, കൊല്ലംകോട് എന്നീ ഇടവകകളിൽ അജപാലന ശുശ്രൂഷാസമിതി കൂടുകയും ഫെറോന തലത്തിൽ സംഘടിപ്പിക്കുന്ന ക്രിസ്മസ് സഭാ ഐക്യ സംഗമത്തിന്റെ ക്രമീകരണം നടത്തുകയും ചെയ്തു.

**റവ. ഫാ. ലോറൻസ് കുലാസ്**

അതിരൂപതാ ഡയറക്ടർ

## കുടുംബപ്രേഷിത ശുശ്രൂഷ

തിരുവനന്തപുരം അതിരൂപത

### സർട്ടിഫിക്കറ്റ് കൗൺസിലിംഗ് കോഴ്സ്

തിരുവനന്തപുരം അതിരൂപതയിൽ കുടുംബശുശ്രൂഷയുടെ കീഴിൽ കേന്ദ്ര-സംസ്ഥാന ഗവൺമെന്റിന്റെ സർട്ടിഫിക്കറ്റ് ലഭിക്കുന്ന ആറുമാസം നീണ്ടുനിൽക്കുന്ന സർട്ടിഫിക്കറ്റ് ഇൻ കൗൺസിലിംഗ് സൈക്കോളജി കോഴ്സിന്റെ അഞ്ചാമത്തെ ബാച്ചിന്റെയും ഒരു വർഷം നീണ്ടുനിൽക്കുന്ന ഡിപ്ലോമ കൗൺസിലിംഗ് കോഴ്സിന്റെ ആദ്യ ബാച്ചിന്റെയും ഡിസംബർ മാസത്തെ ക്ലാസ്സ് 14 തീയതി സെന്റ് ജിയന്ന ഹാളിൽ വച്ച് നടത്തുകയുണ്ടായി. 25 പേർ പങ്കെടുക്കുന്ന ഈ ബാച്ചിൽ റവ. ഫാ. എ ആർ ജോൺ, റവ. ഫാ. കോസ്മോസ് ശ്രീമതി. ആൻസി, ശ്രീ. യേശുദാസ് എന്നിവർ ക്ലാസ്സുകൾ നയിച്ചു.

### കൗൺസിലിംഗ്

വിവിധ ഇടവകകളിൽ നിന്നും വന്ന 131 പേർക്ക് പ്രശ്നപരിഹാരത്തിന് നിർദ്ദേശം നൽകാൻ സാധിച്ചു.

അതിരൂപതാ കേന്ദ്രമാക്കി ആരംഭിച്ചിട്ടുള്ള കൗൺസിലിംഗ് സെന്റർ കുടുംബപ്രേഷിത ശുശ്രൂഷ ഓഫീസിൽ പ്രവർത്തിച്ചു വരുന്നു. **9400101044** എന്ന നമ്പരിൽ മുൻകൂട്ടി വിളിച്ച് രജിസ്റ്റർ ചെയ്തുവരുന്ന എല്ലാവർക്കും കൗൺസിലിംഗ് സൗകര്യം ഒരുക്കിക്കൊടുക്കുന്നു. എല്ലാ ഫെറോനകളിലെയും തിരഞ്ഞെടുക്കപ്പെട്ട സെന്ററുകളിലും കൗൺസിലിംഗ് സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്.

### ഇന്റെഗ്രൽ പാസ്റ്ററൽ സ്കിൽസ്

തിരുവനന്തപുരം അതിരൂപതയിൽ കുടുംബശുശ്രൂഷയും ഹാൻഡ്മേയ്ഡ്സ് ഓഫ് ഹോപ്പും സംയുക്തമായി ജൂനിയർ സിസ്റ്റേഴ്സിനും സീനിയർ കാൻഡിഡേറ്റ്സിനുമായി അജപാലന ശുശ്രൂഷയ്ക്കാവശ്യമായ അറിവുകൾ, സിദ്ധികൾ, മനോഭാവങ്ങൾ എന്നിവ അടങ്ങുന്ന ഒരു വർഷം നീണ്ടു നിൽക്കുന്ന സൈക്കോ-സ്പിരിചൽ കോഴ്സിന്റെ ഡിസംബർ മാസത്തെ ക്ലാസ്സ് 19 വ്യാഴാഴ്ച കുടുംബപ്രേഷിത ശുശ്രൂഷയുടെ സെന്റ് ജിയന്ന

ഹാളിൽ വച്ച് നടന്നു. 20 ജൂനിയർ സിസ്റ്റേഴ്സ് പങ്കെടുത്ത ക്ലാസ്സിൽ ഫാ. എ ആർ ജോൺ ക്ലാസ്സുകൾ നയിച്ചു.

**ദർശനം**

അതിരൂപതയിലെ അംഗങ്ങളായ കാഴ്ച പരിമിതരുടെ സംഗമം ദർശനം അതിരൂപതാ കുടുംബപ്രേഷിത ശുശ്രൂഷയുടെ ആഭിമുഖ്യത്തിൽ നടത്തി. അതിരൂപതാ സഹായ മെത്രാൻ റൈറ്റ് റവ. ഡോ. ക്രിസ്തുദാസ് ആർ. അധ്യക്ഷത വഹിച്ച സംഗമം വട്ടിയൂർക്കാവ് എം.എൽ.എ. വി. കെ. പ്രശാന്ത് നിർവഹിച്ചു. കാഴ്ചപരിമിതിയുള്ളവരെപ്പോലെ സമൂഹത്തിൽ പാർശ്വവത്ക്കരിക്കപ്പെട്ടവരെ സർക്കാർ പദ്ധതികളിലൂടെ ചേർത്തുപിടിക്കുന്നുണ്ടെങ്കിലും ഇതുപോലുള്ള സംഗമങ്ങൾ അവർക്ക് വലിയൊരു അനുഗ്രഹമാണെന്ന് അദ്ദേഹം പറഞ്ഞു. കാഴ്ചയുള്ളവരെക്കാൾ കാഴ്ചപരിമിതിയുള്ളവർക്കാണ് ഉൾക്കാഴ്ചയുള്ളതെന്ന് അധ്യക്ഷപ്രസംഗത്തിൽ ക്രിസ്തുദാസ് പിതാവ് പറഞ്ഞു. ചടങ്ങിന് ശുശ്രൂഷാ ഡയറക്ടർ ഫാ. എ. ആർ. ജോൺ സ്വാഗതം ആശംസിച്ചു. കാഴ്ചപരിമിതരുടെ പ്രതിനിധികളായി ശ്രീ. കലിസ്റ്റസ്, കുമാരി റോസി എന്നിവർ ആശംസകൾ അർപ്പിച്ചു. കെ.സി.ബി.സി. പ്രോലൈഫ് തിരുവനന്തപുരം മേഖല പ്രസിഡന്റ് ആന്റണി പത്രോസ് നന്ദി പറഞ്ഞു. കാഴ്ച പരിമിതരുടെ ഇടയിൽ നിന്നും വിവിധ മേഖലയിലെ പ്രഗത്ഭരെ ആദരിച്ചു. അഞ്ജിത (സംഗീതാധ്യാപിക അന്ധവിദ്യാലയം) അമൽരാജ് (സംസ്ഥാന സ്പെഷ്യൽ സ്ക്കൂൾ കലോത്സവം ശാസ്ത്രീയ സംഗീത ജേതാവ്), റോസി (ബിരുദ വിദ്യാർത്ഥിനി) സിജോ (കേരള ബ്ലൈൻഡ് ക്രിക്കറ്റ് ടീമംഗം) ക്രിസ്തുദാസ് (ഒൻപത് മക്കളുടെ പിതാവ്) എന്നിവരെ ആദരിച്ചു. കാഴ്ച പരിമിതരുടെ അനുഭവങ്ങൾ പങ്കുവയ്ക്കലും പരിപാടികളും നടത്തി.

സംഗമത്തിനു മുൻപ്, ചികിത്സയ്ക്കു ശേഷം വിശ്രമിക്കുന്ന അതിരൂപതാ മെത്രാപോലീത്ത സൂസപാക്യം പിതാവിനെ

കാഴ്ചപരിമിതരുടെ സംഘം സന്ദർശിച്ചു.

**സാന്ത്വനം മംഗല്യം**

ഇതുവരെയായി 250 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. 238 അപേക്ഷകൾക്ക് സഹായം നൽകുവാൻ സാധിച്ചു. സാന്ത്വനം മംഗല്യത്തിനായി ഈ മാസം 12 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അന്വേഷണ വിധേയമാക്കിയതിനു ശേഷം 7 യുവതികൾക്ക് ധനസഹായം നൽകുവാൻ സാധിച്ചു.

**കരുണാമയൻ**

ആരും തനിച്ചല്ല എന്ന പ്രോജക്ടുവഴി 53 വ്യക്തികൾക്ക് ഫെറോന ആനിമേറ്റേഴ്സ് ഭവനങ്ങൾ സന്ദർശിച്ച് ഓണക്കോടിയും ധനസഹായവും നൽകി.

**ഫെറോന തല പ്രവർത്തനങ്ങൾ**

**കോവളം ഫെറോന**

പ്രതിമാസ യോഗവും ക്രിസ്മസ് ആഘോഷവും ഡിസംബർ മാസം 15 ന് ഞായറാഴ്ച ആഴാകുളം ഓഫീസിൽ വച്ച് നടന്നു. പ്രസ്തുത യോഗത്തിൽ എല്ലാ ഇടവകകളിൽ നിന്നും കൺവിനേഴ്സ് പങ്കെടുത്തു. കുടുംബങ്ങളെ എങ്ങനെ ഉണർത്താം, ശക്തിപ്പെടുത്താം എന്നീ വിഷയത്തെ ആസ്പദമാക്കി ബഹുമാനപ്പെട്ട റോഷനച്ചൻ ക്ലാസ്സെടുത്തു. ഫാ. ബെബിൻസൻ ക്രിസ്മസ് സന്ദേശം നൽകി. ഫെറോന വൈദീക കോർഡിനേറ്റർ ഫാ. ജേക്കബ് ഗെയിംസിന് നേതൃത്വം നൽകി.

വിഴിഞ്ഞം ഇടവകയിൽ നിർധനരോഗികളെ സന്ദർശിച്ച് അവർക്ക് ക്രിസ്മസ് സമ്മാനങ്ങൾ നൽകാനായി ഇടവക കുടുംബശുശ്രൂഷ സമിതി തീരുമാനിച്ചു.

പൂന്തുറ ഇടവകയിൽ ഡിസംബർ 8 ഞായറാഴ്ച വിധവാസംഗമം നടത്തുകയും 469 അംഗങ്ങൾ പങ്കെടുക്കുകയും ചെയ്തു.

പാലപ്പൂർ ഇടവകയിൽ ദമ്പതികളുടെ സംഗമം നടത്തി. അതിൽ 50 ദമ്പതികൾ പങ്കെടുത്തു. കൊല്ലത്തു നിന്നുള്ള ശ്രീ.

രഞ്ജിത്ത് പങ്കെടുത്തു.

ഏകസ്തരെയും ഓഖിയിൽ നിന്നു രക്ഷപ്പെട്ട് തിരിച്ചെത്തിയവരെയും സന്ദർശിക്കുകയും അതിരൂപതയിൽ നിന്നുമുള്ള ധനസഹായം നൽകുകയും ചെയ്തു.

**പുല്ലുവിള ഫെറോന**

ഡിസംബർ അഞ്ചാം തീയതി പരുത്തിയൂർ കൊല്ലംകോട് ഇടവകകൾ ചേർന്ന് ഗർഭിണികൾക്കായുള്ള എലീശ്വാ ധ്യാനം നടത്തി. ഡോ. റൂബി, റവ. ഫാ. കാർവിൻ എന്നിവർ ക്ലാസ്സുകൾ നയിച്ചു. ദിവ്യകാരുണ്യാരാധനയോടുകൂടി ക്ലാസ്സ് അവസാനിച്ചു. ഈ ക്ലാസ്സിൽ ഗർഭിണികളായ 24 പേർ പങ്കെടുത്തു.

ഓഖിയിൽ നിന്നു തിരിച്ചു വന്നവരെയും ഏകസ്തരെയും സന്ദർശിക്കുകയും അതിരൂപതയിൽ നിന്നുള്ള പെൻഷൻ വിതരണം ചെയ്യുകയും ചെയ്തു. ഓഖിയിൽ നിന്നു രക്ഷപ്പെട്ട് തിരിച്ചുവന്നവരിൽ തിരിച്ചു ജോലിക്കു പോയി കുടുംബം പോറ്റാൻ സാധിക്കുന്ന വ്യക്തികളെ പറഞ്ഞു മനസ്സിലാക്കുകയും പെൻഷൻ സ്ക്കീമിൽ നിന്നും മാറ്റി. തുടർന്ന് ഇതുവരെയും ധനസഹായമോ മറ്റു ആനുകൂല്യങ്ങളോ ലഭിക്കാതെ ബുദ്ധിമുട്ടിൽ കഴിയുന്ന കുടുംബങ്ങളെ കണ്ടെത്തി വേണ്ട സഹായം നൽകി വരുന്നു.

മുൻപ് തീരുമാനിച്ചിരുന്നതുപോലെ ഡിസംബർ 11 ന് ജോയിന്റ് ആനിമേറ്റേഴ്സ് മീറ്റിംഗ് പുല്ലുവിള മേടയിൽ വച്ച് കൂടുകയും ക്രിസ്മസ് ഫ്രണ്ടിന് സമ്മാനങ്ങളും ആശംസകളും കൈമാറുകയും ചെയ്തു. ഉച്ചയൂണിനെത്തുടർന്ന് പിരിഞ്ഞു.

ഡിസംബർ 14 ന് പുതിയതുറ ഇടവകയിൽ വച്ച് ജനറൽ ബോഡി യോഗം കൂടുകയുണ്ടായി. അന്നേ ദിവസം പുല്ലുവിള ഫെറോന കുടുംബപ്രേഷിതശുശ്രൂഷയുടെ ക്രിസ്മസ് ആഘോഷം നടത്തുകയുണ്ടായി. പല ഇടവകകളിൽ നിന്നായി ക്രിസ്മസ് സന്ദേശങ്ങൾ, കരോൾ ഗാനങ്ങൾ, ഡാൻസ് തുടങ്ങിയവ സംഘടിപ്പിച്ചു. പുല്ലുവിള ഫെറോന വൈദീക കോർഡിനേറ്റർ റവ. ഫാ. ആൻഡ്രൂസ് അധ്യക്ഷത വഹിക്കുകയും സഹവികാരി റവ.

ഫാ. ജോൺ ജേക്കബ് ഉത്ഘാടനം നിർവഹിക്കുകയും ചെയ്തു. 12 ഇടവകയിൽ നിന്നുമുള്ളവർ ഈ ആഘോഷ പരിപാടിയിൽ പങ്കെടുത്തു.

ഒരു വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ 1-ാമത് പരുത്തിയൂർ, കരുകുളം ഇടവകകളും 2-ാമത് പള്ളം ഇടവകയും 3-ാമത് കൊല്ലംകോട് ഇടവകയും സമ്മാനാർഹരായി.

ഡിസംബർ 17 ന് പൂല്ലുവിള തൂത്തൂർ ഫെറോന ആനിമേറ്റേഴ്സ്, കൺവീനേഴ്സ്, വോളന്റിയേഴ്സ് തുടങ്ങി 12 പേർ മദർതെരേസ ഹോം, ചാവടിമുക്ക് ( മാനസിക തകരാറുള്ള സഹോദരങ്ങൾ) സന്ദർശിച്ചു.

**പേട്ട ഫെറോന**

കുശവർക്കൽ ഇടവകയിലെ കിടപ്പുരോഗികൾ, ഏകസ്തർ, വിധവകൾ എന്നിവരുടെ ഭവനസന്ദർശനം നടത്തി വരുന്നു.

പേട്ട ഇടവക കൺവീനറിന്റെ നേതൃത്വത്തിൽ 13 കിടപ്പുരോഗികളെ സന്ദർശിക്കുകയും അവർക്ക് ക്രിസ്തുമസ് സമ്മാനങ്ങളും ആശംസകളും കൈമാറുകയും ചെയ്തു.

കുന്നുംപുറം ഇടവകയിൽ ക്രിസ്തുമസ് ചിലവുകൾ ചുരുക്കി എല്ലാ യൂണീറ്റുകളിലും രോഗികളെ സഹായിക്കുന്നു.

കുമാരുപുരം ഇടവകയിൽ എല്ലാ രോഗികളെയും സന്ദർശിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു.

**പാളയം ഫെറോന**

ഡിസംബർ മാസത്തെ എക്സിക്യുട്ടീവ് ജനറൽ ബോഡി മീറ്റിംഗുകൾ നടന്നു. 2019 ലെ പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തുകയും വന്ന പാകപ്പിഴകളെക്കുറിച്ച് ചർച്ച ചെയ്യുകയും ചെയ്തു.

കുടുംബസമേതം ബി.സി.സി.യിലേക്ക്, മാധ്യമമുക്ത കുടുംബ മണിക്കൂർ നടപ്പിലാക്കൽ, യുവജനങ്ങളെ കുടുംബത്തോടും സഭയോടും ചേർത്തു നിർത്തുക എന്നീ

പ്രവർത്തനങ്ങൾക്കാണ് മുൻഗണന നൽകേണ്ടത് എന്ന് തീരുമാനിച്ചു.

വിധവകളെയും ഏകസ്തരെയും സന്ദർശിച്ചു. 'കുടുംബമാകാൻ' എന്ന പുസ്തകത്തിലെ ആശയങ്ങൾ ഉൾക്കൊണ്ട് പ്രവർത്തിക്കുന്നു.

ഫെറോനയിൽ നിന്നും പ്രതിമാസം 10,000/- രൂപ കരുണാമയൻ സഹായനിധിയിലേക്ക് സ്വരൂപിച്ച് നൽകാൻ കഴിഞ്ഞ 18 മാസങ്ങളായി സാധിച്ചു. ഗ്രാറ്റിറ്റ്യുഡ് ഡേയിൽ സംഭാവനകൾ നൽകി സഹായിക്കുന്ന വ്യക്തികളെ പങ്കെടുപ്പിക്കാൻ സാധിച്ചു.

ക്രിസ്മസ് ആഘോഷങ്ങളിൽ എല്ലാ ഇടവകയുടെയും പ്രാതിനിധ്യം ഉണ്ടായിരുന്നു. എല്ലാ ഇടവകകളിലും ബൈബിൾ പാരായണം നടന്നു. മണക്കാട് ഇടവകയിലെ എല്ലാ കുടുംബങ്ങളിലും ഡിസംബർ മാസത്തിൽ ലൂക്കാ എഴുതിയ വി. സുവിശേഷം 24 അധ്യായം മുഴുവൻ വായിച്ചു.

**ഗ്രാറ്റിറ്റ്യുഡ് ഡേ**

കുടുംബപ്രേഷിത ശുശ്രൂഷയുടെ ഒപ്പം ചേർന്ന് പ്രവർത്തിക്കുന്ന വോളന്റിയേഴ്സ്, റിസോഴ്സ് പേഴ്സൻസ്, അഭ്യുതയകാംക്ഷികൾ എന്നിവരുടെ സംഗമം ഡിസംബർ 30 തിങ്കളാഴ്ച വൈകു. 5.30 ന് കൂടുകയുണ്ടായി. ശ്രീ. അജിത് പെരേര, ശ്രീ. ഫ്രെഡറിക് പെരേര, സിസ്റ്റർ തങ്കമ്മ എന്നിവരുടെ നേതൃത്വത്തിൽ ഗെയിംമുകൾ സംഘടിപ്പിച്ചു. പരസ്പരം പരിചയപ്പെടുകയും പരിചയം പുതുക്കുകയും ചെയ്തു.

ഡയറക്ടർ ഫാ. എ. ആർ. ജോൺ സ്വാഗതം പറഞ്ഞു. അഭിവന്ദ്യ സൂസപാക്യം മെത്രാപോലീത്ത അനുഗ്രഹപ്രഭാഷണം നടത്തുകയും സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു. ക്രിസ്തുദാസ് പിതാവ് ആശംസകളർപ്പിച്ചു സംസാരിച്ചു. അൻപതോളം കുടുംബങ്ങൾ പങ്കെടുത്ത സംഗമം അത്താഴവുരുന്നോടെ സമാപിച്ചു.

**വിവാഹ ഒരുക്കസെമിനാർ**

2019 ഡിസംബർ 09, 10, 11 തീയതികളിൽ നടന്ന കോഴ്സിൽ 50 പെൺകുട്ടികളും 60 ആൺകുട്ടികളും 2019 ഡിസംബർ 27, 28, 29 തീയതികളിൽ നടന്ന ക്ലാസ്സിൽ 60 പെൺകുട്ടികളും 70 ആൺകുട്ടികളും പങ്കെടുത്തു. ഇവരെ ഗ്രൂപ്പുകളായിതിരിച്ച് ആനുകാലിക പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്തു. എല്ലാവരും സജീവമായി പങ്കെടുത്തു.

വിവാഹ ഒരുക്കസെമിനാർ 2020 ജനുവരി 10, 11,12

2020 ജനുവരി 27, 28, 29 തീയതികളിൽ നടത്തപ്പെടുന്നു.

**വിവാഹ ഒരുക്കസെമിനാർ www.latinmatrimonial.com എന്ന വെബ്സൈറ്റിൽ ഓൺ ലൈനായും രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്.**

**മാര്യേജ് ബ്യൂറോ**

വെബ്സൈറ്റിന്റെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലമായി നടക്കുന്നു. ഈ മാസത്തിൽ മാര്യേജ് ബ്യൂറോയിൽ 55 വ്യക്തികളുടെ പേര് രജിസ്റ്റർ ചെയ്തു. മാര്യേജ് ബ്യൂറോ ഓൺ ലൈൻ രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്. മാര്യേജ് ബ്യൂറോ കെ.ആർ.എൽ.സി.സി. തലത്തിലേക്ക് വ്യാപിപ്പിച്ചിരിക്കുന്നു. രജിസ്ട്രേഷൻ ചെയ്യേണ്ട വെബ്സൈറ്റ് www.latinmatrimonial.com

**ഫാ.എ.ആർ. ജോൺ**

അതിരൂപതാ ഡയറക്ടർ

# യുവജന ശുശ്രൂഷ

## തൃത്തൂർ ഫൊറോന

ഫൊറോനതല ക്രിസ്മസ് മത്സരങ്ങൾ നടത്താൻ തീരുമാനിച്ചു. 3 ഇടവകകളിൽ ഇടവക സമിതി യോഗങ്ങൾ നടന്നു.

## വലിയതുറ ഫൊറോന

രണ്ടാമത്തെ ഞായറാഴ്ച രാവിലെ 10.30 ന് വെട്ടുകാട് കോൺവെന്റിൽ വച്ച് ഫെറോനാതല യുവജനശുശ്രൂഷാ സമിതി യോഗം വൈദികകോർഡിനേറ്ററുടെ അധ്യക്ഷതയിൽ നടക്കുകയുണ്ടായി. ആർ.സി.സി. യുടെ സഹകരണത്തോടെ സൗജന്യ ക്യാൻസർ രോഗനിർണ്ണയക്യാമ്പും ബോധവൽക്കരണ ക്ലാസും തോപ്പിൽ വച്ചു നടത്തി.

ഡിസംബർ മാസം 21-ാം തീയതി "സാന്ത്വനം" അഗതിമന്ദിരങ്ങൾ സന്ദർശിക്കുകയും അവർക്കു സമ്മാനങ്ങൾ നൽകുകയും ചെയ്തു.

10 ൽ 7 ഇടവകയിൽ സമിതിയോഗങ്ങൾ നടന്നു.

**റവ. ഫാ. ലെനിൻ ഫെർണാണ്ടസ്**

അതിരൂപതാ ഡയറക്ടർ

## വിദ്യാഭ്യാസശുശ്രൂഷ രൂപതാതലം

വിദ്യാഭ്യാസ വർഷാചരണവുമായി ബന്ധപ്പെട്ടു വിദ്യാർത്ഥി കേന്ദ്രീകൃത സമഗ്ര വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന ഒരു അധ്യാപിക/അധ്യാപകൻ ഒരു വിദ്യാർത്ഥിയെ ഉന്നത വിദ്യാഭ്യാസം വരെ അനുധാവനം ചെയ്യുന്ന പദ്ധതി അഞ്ചുതെങ്ങ് സോണിൽ ഡിസംബർ 2-ാം തീയതി നടപ്പിലാക്കി.

അതിരൂപതാ സഹായമെത്രാൻ ക്രിസ്തുദാസ് പിതാവ് പദ്ധതി ഉത്ഘാടനം ചെയ്തു. ഫാ. ഡൈസൻ, ഫാ. മെൽക്കൺ, ഫാ. ജേക്കബ് സ്റ്റെല്ലസ്, ഫാ. ദീപക്, ഫാ. പ്രദീപ്, ഫാ. ബാസ്ക്കർ ജോസഫ്, ഫാ. ബോസ്കോ എന്നിവർ സന്നിഹിതരായിരുന്നു.

വിദ്യാഭ്യാസ വർഷത്തോടനുബന്ധിച്ചു നടപ്പിലാക്കുന്ന ഗ്രീൻ സ്കൂൾ ക്ലീൻ സ്കൂൾ പദ്ധതിക്കുവേണ്ട വൃക്ഷത്തൈകളും, ക്ലീനിംഗ് ഉപകരണങ്ങളും, സാധനങ്ങളും എല്ലാ സ്കൂളുകൾക്കും വിതരണം ചെയ്തു. തുടർന്ന് സഹായമെത്രാൻ ക്രിസ്തുദാസ് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ദിവ്യബലി അർപ്പിച്ചു.

## തൂത്തൂർ ഫൊറോന

### ഫൊറോനതലം

ഫെറോനാസമിതിയോഗം കോഓർഡിനേറ്റർ ഫാ.ആൻസലിന്റെ നേതൃത്വത്തിൽ നടന്നു. രാവിലെ 10 മുതൽ 1 മണിവരെ ലൈഫ് സ്കിൽ ഓറിയന്റേഷൻ പ്രോഗ്രാം പൂത്തുറ സെന്റ് ജോസഫ് എച്ച്.എസ്. ൽ വച്ചു നടന്നു. 70 കുട്ടികൾ പങ്കെടുത്തു. ഉച്ചയ്ക്കുശേഷം 2 മണിമുതൽ 4.30 വരെ ചിന്നത്തുറ സെന്റ് ജോസഫ് എച്ച്.എസ്. ലും നടന്ന ഈ പ്രോഗ്രാമിൽ 140 കുട്ടികൾ പങ്കെടുത്തു. ക്ലാസുകൾ നയിച്ചവർ ശ്രീമതി. വനിത, ശ്രീ. പ്രകാശ് എന്നിവരാണ്.

ടീനേജ് അവയർനെസ്സ് ക്ലാസ് രാവിലെ 10 മണിമുതൽ 12.30 വരെയും ഉച്ചയ്ക്ക് 2 മണിമുതൽ 4.30 വരെയും 365 കുട്ടികൾ പങ്കെടുത്തു. ഈ ക്ലാസ് +1, +2 ലെ തൂത്തൂർ പയസ് എച്ച്.എസ്.എസ്. ലെയും സെന്റ് ജോൺസ് മർട്ടിക്കുലേഷൻ സ്കൂളിലെയും കുട്ടികൾ പങ്കെടുത്തു. ക്ലാസുകൾ നയിച്ചത് ശ്രീമതി. വനിത , ശ്രീ. അജേഷ് റ്റി.എൻ.പി.എസ്.സി. എന്നിവരാണ്.

## വലിയതുറ ഫൊറോന

**ഫെറോനാസമിതിയോഗം :-** 14-12-2019 ശനിയാഴ്ച ഉച്ചയ്ക്കു 2 മണിക്ക് ഫെറോനാസമിതിയോഗം കോഓർഡിനേറ്റർ ഫാ. ടോമിന്റെ നേതൃത്വത്തിൽ കൂടുകയും 10 ൽ 7 ഇടവകയിൽ നിന്നുമുള്ള സമിതിയോഗങ്ങൾ പങ്കെടുത്തു.

**അധ്യാപകഫോറം :-** തോപ്പ്, വലിയവേളി, സെന്റ് സേവ്യേഴ്സ് എന്നീ ഇടവകകളിൽ അധ്യാപകഫോറം രൂപീകരിച്ചു.

**How to prepare exam :-** പരീക്ഷയ്ക്ക് എങ്ങനെ ഒരുങ്ങി നല്ല രീതിയിൽ പരീക്ഷ എഴുതാം എന്നതിനെകുറിച്ചുള്ള അറിയിപ്പ് 10 ഇടവകകളിലും നൽകി. ഈ ക്ലാസ് എസ്.എസ്.എൽ.സി., +1, +2 പരീക്ഷയ്ക്കൊരുന്ന വിദ്യാർത്ഥികൾക്കും അവരുടെ മാതാപിതാക്കൾക്കുമായാണ് നൽകുന്നത്.

10 ൽ 8 ഇടവകകളിൽ ഇടവകസമിതിയോഗങ്ങൾ നടന്നു. 20-ാം തീയതി വെട്ടുകാട് ഇടവകയിലെ ലൈബ്രറിയിൽ വച്ച് ജനറൽ ക്വിസ് മൽസരം നടത്തുകയും ഇതിൽ ഫെറോനയിലെ മറ്റിടവയിൽ നിന്നും വന്ന സീനിയർ, ജൂനിയർ ആയിട്ടുള്ള കുട്ടികളെ പങ്കെടുപ്പിക്കുകയും ചെയ്തു. എൽ.ഡി.സി. ഉദ്യോഗാർത്ഥികളെക്കൊണ്ട് 18-ാം തീയതി വരെയുള്ള ദിവസങ്ങളിൽ അപേക്ഷ കൊടുപ്പിക്കുകയും എൽ.ഡി.സി. പരീക്ഷ എഴുതാൻ ഒരുങ്ങുന്നവർക്ക് ഡിസംബർ മാസം 30-ാം തീയതി ഫെറോനതലത്തിൽ ഒരു പി.എസ്.സി. ഓറിയന്റേഷൻ ക്ലാസ് സംഘടിപ്പിക്കുകയും ചെയ്തു. ഇതിനോടനുബന്ധിച്ചു എല്ലാ ദിവസങ്ങളിലും വൈകുന്നേരങ്ങളിൽ 5.30 മുതൽ 7.30 വരെ പി.എസ്.സി. പരിശീലന ക്ലാസ് സംഘടിപ്പിക്കുകയും ചെയ്യുന്നു.

## പുല്ലുവിള ഫൊറോന

**ഫെറോനതലം**

പുല്ലുവിള ഫെറോന വിദ്യാഭ്യാസ സമിതിയോഗം 15-12-19 ൽ കൊച്ചുപള്ളി മെഡോണഹാളിൽ വച്ച് കോർഡിനേറ്റർ ഫാ. ഫ്രെഡി സോളമന്റെ അദ്ധ്യക്ഷതയിൽ സംഘടിപ്പിച്ചു.

**തുടർപരിപാടി**

സിവിൽ സർവ്വീസ് ഫൗണ്ടേഷൻ കോഴ്സിന് ഡിസംബർ മാസം 4 ക്ലാസ്സുകൾ ക്രമീകരിച്ചു.

**ഡിഫൻസ് പരിശീലനം :-** വിവിധ സേനകളിൽ തൊഴിൽ നേടുന്നതിനായി സംഘടിപ്പിച്ച 6 മാസത്തെ പരിശീലനത്തിന് ശേഷം ഡിസംബർ 4-ാം തീയതി മുതൽ 12-ാം തീയതി വരെ കേന്ദ്ര സർക്കാർ സംഘടിപ്പിച്ച റിക്രൂട്ട്മെന്റ് റാലിയിൽ പരിശീലനം കൊടുത്ത 22 പേരും ഒപ്പം ഫെറോനയിലെ വിവിധ ഇടവകകളിൽ നിന്നും ഇവരോടൊപ്പം 26 പേരും പങ്കെടുത്തു. 20 യുവാക്കൾ കായികക്ഷമത പരീക്ഷയിലും, മെഡിക്കലിലും യോഗ്യത നേടി. യോഗ്യത നേടിയ 20 പേർക്ക് എഴുത്ത് പരീക്ഷയ്ക്കായി പരിശീലനക്ലാസ്സ് ആരംഭിച്ചു.

**ഇടവകതലം :-** സമിതിയോഗം പുല്ലുവിള, പള്ളം, പുതിയതുറ, പൂവാർ, നമ്പ്യാതി എന്നീ ഇടവകകളിൽ സംഘടിപ്പിച്ചു.

പള്ളം ഇടവകയിൽ സ്റ്റുഡൻസ് ഫോറത്തിലെ വിദ്യാർത്ഥികൾക്ക് ഈ മാസം ഒരു ക്ലാസ്സ് ക്രമീകരിച്ചു. 1-ാം ക്ലാസ്സുമുതൽ +2 വരെയുള്ള വിദ്യാർത്ഥികൾക്ക് 15 അധ്യാപകരുടെ നേതൃത്വത്തിലാണ് പരിശീലനം നൽകുന്നത്.

പുതിയതുറ, നമ്പ്യാതി എന്നീ ഇടവകകളിൽ എല്ലാ ദിവസവും രാത്രി 6 മണിമുതൽ 8.30 വരെ പി.എസ്.സി. പരിശീലനം നടന്നു വരുന്നു.

പൂവാർ ഇടവകയിൽ എല്ലാ ശനി, ഞായർ ദിവസങ്ങളിൽ പി.എസ്.സി. പരിശീലനം നടന്നു വരുന്നു.

## *അഞ്ചുതെങ്ങ് ഫൊറോന*

ഡിസംബർമാസം 15-ാം തിയതി ഫെറോനാ സമിതിയേഗം കോർഡിനേറ്റർ പ്രദീപ് അച്ചന്റെ നേതൃത്വത്തിൽ കൂടുകയും 10ൽ 6 അംഗങ്ങൾ പങ്കെടുക്കുകയും ചെയ്തു.

അധ്യാപകർക്കുള്ള ഓറിയന്റേഷൻക്ലാസ്സ് 1-12-19 ൽ ഞായറാഴ്ച 2.30 ന് വിദ്യാർത്ഥി കേന്ദ്രീകൃത സമഗ്ര ബദൽവിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി സ്റ്റുഡന്റ്സ് ഫോറവും ടീച്ചേഴ്സ് ഫോറവും ഇടവകകളിൽ എങ്ങനെ നടപ്പിലാക്കാം എന്നതിനെക്കുറിച്ച് ശ്രീമതി നോവൽ ടീച്ചർ ഫെറോന സെന്ററിൽ വച്ച് ക്ലാസ്സ് നയിച്ചു. ഇതിൽ

63 അധ്യാപകർ പങ്കെടുത്തു. അതിരൂപതാ ഡയറക്ടർ മെൽക്കൺ അച്ചനും കോഡിനേറ്റർ പ്രദീപ് അച്ചനും സന്നിഹിതരായിരുന്നു.
**സൂപ്പർ വൈസറി സ്റ്റഡി സെന്റർ:-** അഞ്ചുതെങ്ങിലും പൂത്തുറയിലും വൈകുന്നേരം 4 മണിമുതൽ 6.30 വരെ നടക്കുന്നു.

ഫെറോനയുടെ നേതൃത്വത്തിൽ 3-12-19 ൽ അയിരൂർ ഇടവകയിൽ വിദ്യാഭ്യാസ ശുശ്രൂഷയും സമൂഹിക ശുശ്രൂഷയും സംയുക്തമായി മാതാപിതാക്കൾക്കും കുട്ടികൾക്കുമായി ബോധവൽക്കരണക്ലാസ്സ് നടത്തി. 35 രക്ഷകർത്താക്കളും 52 കുട്ടികളും പങ്കെടുത്തു.

ഇടവകതലം 10 ൽ 5 ഇടവകയിൽ സമിതിയോഗം നടന്നു. അഞ്ചുതെങ്ങിൽ 10 സ്റ്റുഡൻസ് ഫോറവും മാമ്പള്ളിയിൽ ഒരു സ്റ്റുഡൻസ് ഫോറവും കൂടുകയുണ്ടായി.

## പേട്ട ഫൊറോന

### ഫെറോനതലം

2019 നവംബർ 24-ാം തീയതി ഫെറോനാ ഓഫീസിൽ വച്ച് ഫെറോന വിദ്യാഭ്യാസ സമിതിയോഗം കോഡിനേറ്ററിന്റെ അധ്യക്ഷതയിൽ കൂടി. എല്ലാ ഞായറാഴ്ചയും പോങ്ങുംമൂട് വച്ച് പി.എസ്.സി. കോച്ചിംഗ് ക്ലാസ് നടത്തുന്നു.

### ഇടവകതലം

**മുട്ടട :-**ഡിസംബർ 15-ാം തീയതി 9.30 ന് മുട്ടട പാരിഷ്ഹാളിൽ വച്ച് 5 മുതൽ +2 വരെയുള്ള കുട്ടികൾക്കായി ജി.കെ. ട്രെയിനർ ശ്രീ. റെമിസ് മോട്ടിവേഷൻ ക്ലാസ് നടത്തി. 40 കുട്ടികൾ പങ്കെടുത്തു.

**പോങ്ങുമൂട്:-** 5 മുതൽ +1 വരെയുള്ള കുട്ടികൾക്കായി 3-ാമത്തെയും 4-ാമത്തെയും ശനിയാഴ്ചകളിൽ സ്പോക്കൺ ഇംഗ്ലീഷ് നടത്തുന്നു. 20 കുട്ടികൾ പങ്കെടുക്കുന്നു.

**റവ. ഫാ. മെൽക്കൺ**
അതിരൂപതാ ഡയറക്ടർ

# കെ.സി.എസ്.എൽ.

തിരുവനന്തപുരം അതിരൂപത കെ.സി.എസ്.എൽ. ദിനാചരണം ഡിസംബർ 6-ാം തീയതി രാവിലെ 10 മണിക്ക് വെള്ളയമ്പലം ബിഷപ്സ് ഹൗസ് കോമ്പൗണ്ടിൽ വച്ച് റവ. ഫാ. ജേക്കബ് സ്റ്റെല്ലസ് പതാക ഉയർത്തുകയും കെ.സി.എസ്.എൽ. ന്റെ ഇന്നലകളെ മനസ്സിലാക്കണമെന്നും പറഞ്ഞ് 104 വർഷത്തിലൂടെ വളർന്നു വന്ന കെ.സി.എസ്.എൽ. പ്രതിഭകളായ വ്യക്തികളെ പറ്റി പങ്കുവയ്ക്കുകയും ചെയ്തു. തുടർന്ന് കെ.സി.എസ്.എൽ. ഗാനം ആലപിക്കുകയും ശ്രീ. ഡാമിയൻ ജോർജ്ജ് പ്രസിഡന്റ്, കെ.സി.എസ്.എൽക. പ്രതിജ്ഞ ചൊല്ലി കൊടുക്കുകയും ചെയ്തു.

**കെ.സി.എസ്.എൽ. ബാലവേദി കലോൽസവവും ക്രിസ്തുമസ് സംഗമവും**

തിരു. അതിരൂപതാ കെ.സി.എസ്.എൽ. ബാലവേദി വിദ്യാർത്ഥികളുടെ കലാവാസന വളർത്തുന്നതിന്റെ ഭാഗമായി ഡിസംബർ 6-ാം തീയതി വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ വച്ച് കലോത്സവം നടത്തി. റവ. ഫാ. ജേക്കബ് സ്റ്റെല്ലസ് സ്വാഗതം ആശംസിച്ചു. റവ. ഫാ. ഡൈസൻ ഉദ്ഘാടനം ചെയ്ത് ക്രിസ്തുമസ് സന്ദേശം നൽകി വിദ്യാർത്ഥികളുമായി കേക്ക് മുറിച്ച് പങ്കുവച്ചു. തുടർന്ന് കലാമത്സരങ്ങൾക്ക് തുടക്കം കുറിച്ചു. മത്സര ഇനങ്ങളായ പ്രസംഗം (ഇംഗ്ലീഷ്, മലയാളം), മോണോ ആക്ട്, ഭക്തി ഗാനം, കളറിംഗ്, സങ്കീർത്തനാലാപനം, ഗ്രൂപ്പ് സോങ്, മൂകാഭിനയം എന്നിവയിൽ എൽ.പി. വിഭാഗത്തിൽ നിന്ന് 21 സ്കൂളുകളിൽ നിന്നായി 360 വിദ്യാർത്ഥികൾ പങ്കെടുത്തു.

**ഫാ. ജേക്കബ് സ്റ്റെല്ലസ്**
ഡയറക്ടർ, കെ.സി.എസ്.എൽ.

# സാമൂഹ്യശുശ്രൂഷ

## കഴക്കൂട്ടം ഫൊറോന

### അടിസ്ഥാന സൗകര്യ വികസനം

കൊയ്ത്തൂർകോണം ഇടവകയിൽ 2 ടോയ്‌ലറ്റ് നിർമ്മിക്കുന്നതിനായി 25000 രൂപ നൽകി ഭവനം ഒരു സമ്മാനം പദ്ധതിയിലേക്ക് ഇടവകകളിൽ നിന്നും അപേക്ഷകൾ ലഭിക്കുകയും വെരിഫിക്കേഷൻ നടന്നു വരികയും ചെയ്യുന്നു.

### സ്വയം സഹായ സംഘം

ഫെറോനാ ഫെഡറേഷൻ ഡിസംബർ 11ന് കാര്യവട്ടം ഇടവകയിൽ വെച്ച് ആനിമേറ്ററുടെ സാന്നിധ്യത്തിൽ നടന്നു.

### ക്രിസ്തുമസ് ഫെയൽ

ഫാത്തിമമാതാ എസ്.എച്ച്.ജി.അംഗങ്ങളുടെ നേതൃത്വത്തിൽ ക്രിസ്മസ് ഫെയർ സംഘടിപ്പിച്ചു. 16, 21, 22 എന്നീ തീയതികളിൽ വിവിധതരം കേക്കുകളും വൈൻ, പലഹാരങ്ങൾ എന്നിവയും വിപണനം നടത്തി.

### തയ്യൽമെഷീൻ വിതരണം

ഡിസംബർ 2ന് തയ്യൽ പരിശീലനം പൂർത്തിയാക്കിയ 31 വനിതകൾക്ക് തയ്യൽ മെഷീൻ വിതരണ പരിപാടി സംഘടിപ്പിച്ചു.

### ബോധവൽക്കരണ ക്ലാസ്സ്

ഡിസംബർ 26ന് കഴക്കൂട്ടം ഫെറോനാ സെന്ററിൽ വച്ച് ശാന്തിഗ്രാം റിസ്സോഴ്സ് പേഴ്സൺ ശ്രീമതി സുജയുടെ നേതൃത്വത്തിൽ അടുക്കളത്തോട്ട പരിശീലന ക്ലാസ് സംഘടിപ്പിച്ചു. 20 അംഗങ്ങൾ പങ്കെടുത്തു. ഡിസംബർ 30ന് ശുചിത്വ മിഷൻ റിസ്സോഴ്സ് പേഴ്സൺ ശ്രീമതി ഗീതയുടെ നേതൃത്വത്തിൽ വേസ്റ്റ് മാനേജ്മെന്റ് അവയർനെസ്സ് ക്ലാസ്സ് സംഘടിപ്പിച്ചു. 20 അംഗങ്ങൾ പങ്കെടുത്തു.

### ആരോഗ്യകാര്യ കമ്മീഷൻ

ഡിസംബർ 9ന് പോങ്ങുംമൂട് ഇടവകഹാളിൽ വെച്ച് ഹെൽത്ത് വോളന്റിയർമാർക്കായ് നടന്ന ബോധവൽക്കരണ ക്ലാസ്സിൽ കഴക്കൂട്ടം ഫെറോനായിലെ 6 അംഗങ്ങൾ പങ്കെടുത്തു.

**ജനറൽ മെഡിക്കൽക്യാമ്പ്**

ഡിസംബർ 1ന് കൊയ്ത്തൂർകോണം ഇടവകയിൽ വെച്ച് ജൂബിലി ഹോസ്പിറ്റലിന്റെ സഹകരണത്തോടെ ജനറൽ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. പ്രസ്തുത ക്യാമ്പിൽ 85 അംഗങ്ങൾ പങ്കെടുത്തു.

**പ്രവാസി**

പ്രവാസി ക്ഷേമനിധിയിൽ 5 അംഗങ്ങളെ അംഗത്വമെടുപ്പിച്ചു. നോർക്കയില വിഹിതം അടയ്ക്കുകയും ചെയ്തു.

## *പുതുക്കുറിച്ചി ഫൊറോന*

**നീതിസമാധാന വികസന വിഭാഗം**

ഡിസംബർ 7ന് ശാന്തിപുരം മേടയിൽ വച്ച് വർക്കേഴ്സ് മീറ്റിംഗ് നടന്നു. ഡിസംബർ 14ന് ശാന്തിപുരം മേടയിൽ വച്ച് ഫാ. സിൽവസ്റ്റർ കുരിശിന്റെ അദ്ധ്യക്ഷതയിൽ ഫെറോന എക്സിക്യൂട്ടീവ് മീറ്റിംഗ് നടന്നു.

**സ്വയം സഹായസംഘങ്ങളും സാമ്പത്തിക ഉന്നമനവും**

എസ്.എച്ച്.ജി. ഫൊറോന എക്സിക്യൂട്ടീവ് മീറ്റിംഗ് ഡിസംബർ 29ന് നടന്നു. ഇടവകതലയോഗങ്ങൾ 7 ൽ 5 നടന്നു.

**തൊഴിൽ കാര്യകമ്മീഷൻ**

കെ.എൽ.എം. ഫൊറോന എക്സിക്യൂട്ടീവ് മീറ്റിംഗ് ഡിസംബർ 15ന് ശാന്തിപുരത്ത് വച്ച് കോഓർഡിനേറ്റേഴ്സ് ശ്രീ. അന്നറീറ്റയുടെ സാന്നിദ്ധ്യത്തിൽ നടന്നു. ഈയവസരത്തിൽ കംപോസ്റ്റ് വളം തയ്യാറാക്കുന്നതിനെക്കുറിച്ച് ശ്രീ. ഗീത ക്ലാസ്സ് നൽകി. ഇടവകതലയോഗങ്ങൾ 6 ൽ 5 നടന്നു.

**ആരോഗ്യ കാര്യകമ്മീഷൻ**

ഹെൽത്ത് വോളന്റിയേഴ്സ് മീറ്റിംഗ് ഡിസംബർ 13ന് വേളി ഇടവകയിൽ വച്ച് നടന്നു.

ഡിസംബർ 20ന് ഫാസ്റ്റ് ഫുഡിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് ഹെൽത്ത് കോഓർഡിനേറ്റേഴ്സ് ശ്രീ. അജിത പുതുക്കുറിച്ചി നഴ്സറിയിലെ അമ്മമാർക്കായി ക്ലാസ്സ് നൽകി.

ഡിസംബർ 27ന് പുത്തൻതോപ്പ് പി.എച്ച്.സി.യിലെ ജെ.പി.എച്ച്.എൻ. റോയ്സൺ 94-ാം നമ്പർ അംഗൻവാടിയിലെ അമ്മമാർക്കായി എയ്ഡ്സിനെക്കുറിച്ച് ക്ലാസ്സ് നൽകി. ഡിസംബർ 20ന് ഫാത്തിമാപുരത്തെ ഒരു ക്യാൻസർ പേഷ്യന്റിന് രൂപതയിൽ നിന്നും ലഭിച്ച 3000 രൂപ ധനസഹായം നൽകി.

ഡിസംബർ 28ന് 6 ഭവനങ്ങൾ സന്ദർശിച്ച് നിരാമയക്ക് വേണ്ട ഡോക്യുമെന്റ്സ് ശേഖരിച്ചു. ഡിസംബർ 28ന് തുമ്പ ഇടവകയിൽ റ്റി.എസ്.എസ്.എസ്. യൂണിറ്റ് അംഗങ്ങൾ ഷുഗർ ബാധിച്ച് കാൽമുറിച്ച് മാറ്റിയ ഒരു രോഗിക്ക് വാക്കർ സമ്മാനമായി നൽകി.

**പ്രവാസി കാര്യകമ്മീഷൻ**

ഡിസംബർ 21ന് ശാന്തിപുരം ഹാളിൽ വച്ച് പ്രവാസി ബോധവത്ക്കരണം നടന്നു. 56 പേർ പങ്കെടുത്തു. 25 അംഗങ്ങൾക്ക് നോർക്ക റൂട്ട് ഫോം വിതരണം നടത്തി.

**മദ്യവിരുദ്ധ പ്രവർത്തനങ്ങൾ**

ഡിസംബർ 7ന് മരിയനാട് ഇടവകയിൽ വച്ച് മുക്തി കുടുംബധ്യാന സംഗമം നടന്നു.

## *കോവളം ഫൊറോന*

ഡിസംബർ 20 ന് ആഴാകുളം ഫെറോനാ സെന്ററിൽ എസ്.എച്ച്.ജി. സംഘടിപ്പിച്ച ക്രിസ്തുമസ് ആഘോഷത്തിൽ 17 പേർ പങ്കെടുത്തു.

ഡിസംബർ 31 ന് വിഴിഞ്ഞം ഇടവകയിൽ വച്ച് കൂടിയ എസ്.എച്ച്.ജി. ഓറിയന്റേഷൻ യോഗത്തിൽ 5 പേർ പങ്കെടുത്തു.

എസ്.എച്ച്.ജി. പാരിഷ് ലെവൽ ഫെഡറേഷന്റെ ക്രിസ്തുമസ് ആഘോഷം ഡിസംബർ 9 ന് വിഴിഞ്ഞം ഇടവകയിൽ വച്ച് നടത്തിയതിൽ 40 പേർ പങ്കെടുത്തു.

**പരിസ്ഥിതി**

ഡിസംബർ 15ന് പ്ലാസ്റ്റിക് അവയർനെസ്സ് കുറിച്ച് ജെ.പി.എച്ച്.എൻ. സാബു എടുത്ത ക്ലാസിൽ 60 പേർ പങ്കെടുത്തു.

**ഹെൽത്ത്**

ഡിസംബർ 15ന് നെല്ലിയോട് ഇടവകയിൽ വച്ച് ചൈതന്യ ഐ ഹോസ്പിറ്റലിന്റെ സഹകരണത്തോടെ നടത്തിയ ഐ ക്യാമ്പിൽ 70 പേർ പങ്കെടുത്തു.

ആർ.റ്റി.ഐ. എസ്.റ്റി.ഐ. ക്യാമ്പ് പാലപ്പൂര് 40-ാം നമ്പർ അംഗൻവാടിയിൽ വച്ച് 60 പേർക്ക് ബ്ലഡ് ടെസ്റ്റ് നടത്തി.

ആഴാകുളം ഫൊറോന സെന്ററിൽ വച്ച് ഡിസംബർ 21ന് നടത്തിയ ഭിന്നശേഷിദിനാചരണത്തിൽ 32 പേർ പങ്കെടുത്തു.

ഡിസംബർ 1ന് എയ്ഡ്സ് ഡേ & ബ്ലഡ് ടെസ്റ്റ് എന്ന വിഷയത്തെ കുറിച്ച് എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയിലെ ശ്രീ. രാജീവ് ബോധവൽക്കരണ ക്ലാസ് നൽകി. 60 പേർ പങ്കെടുത്തു. തുടർന്ന് വിഴിഞ്ഞം ഇടവകയിൽ വച്ച് ബ്ലഡ് ടെസ്റ്റും നടത്തി.

വയോമിത്രം ക്യാമ്പ് ഡിസംബർ 21ന് 45 പേർ വിഴിഞ്ഞം ... വിസിറ്റ് ഡിസംബർ 19ന് 14 കുട്ടികളുടെ ഭവനം അസിസ്റ്റന്റ് വിഴിഞ്ഞം ഹെൽത്ത് കോർഡിനേറ്റർ ജോസ് ആൻ സന്ദർശിച്ചു.

**കെ.എൽ.എം.**

ഫെറോന കെ.എൽ.എം. മീറ്റിംഗ്, ക്രിസ്മസ് സെലിബ്രേഷൻ ഡിസംബർ 29ന് ആഴാകുളം ഫൊറോന സെൻറിൽ വച്ച് നടത്തിയ ക്രിസ്തുമസ് ആഘോഷത്തിൽ 27 പേർപങ്കെടുത്തു. കർഷക ഫോറം മീറ്റിംഗ് പാലപ്പൂര് ഡിസംബർ 29ന് നടത്തി. ഡിസംബർ 4ന് തയ്യൽതൊഴിലാളി മീറ്റിംഗ് വിഴിഞ്ഞം ഇടവകയിൽ വച്ച് നടത്തി.  70 പേർ പങ്കെടുത്തു.

## പേട്ട ഫൊറോന

കെ.എൽ.എം. ഫെറോന സമിതിയോഗവും ക്രിസ്മസ് ആഘോഷവും സംഘടിപ്പിച്ചു. മുട്ടട ഇടവകയിലെ കെ.എൽ.എം. അംഗങ്ങൾ വട്ടപ്പാറ ശാന്തിഭവൻ അഗതിമന്ദിരം സന്ദർശിച്ച് ക്രിസ്മസ് ആഘോഷം സംഘടിപ്പിച്ചു.

ഭിന്നശേഷിക്കാരുടെ ഭവനങ്ങൾ ഫെറോന ആനിമേറ്റർ ആരോഗ്യകാര്യം രൂപതാ അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ സന്ദർശിച്ച് കുട്ടികളുടെ പഠന പുരോഗതി ആരോഗ്യ പുരോഗതി വിലയിരു

ത്തി. മുട്ടട ഇടവകയിൽ എസ്.എച്ച്.ജി. അംഗങ്ങൾക്ക് എയ്ഡ്സ് ബോധവത്ക്കരണം ക്ലാസ് നടന്നു. എസ്.എച്ച്.ജി. അംഗങ്ങളുടെ ക്രിസ്മസ് ആഘോഷം മുട്ടട ഇടവകയിലും മൺവിള ഇടവകയിലും ഇടവക വികാരിമാരുടെ ഉദ്ഘാടനം ചെയ്തു. മുട്ടട ഇടവകയിൽ എസ്.എച്ച്.ജി. ഗ്രൂപ്പുകളുടെ ക്രിസ്മസ് ഫെയർ സംഘടിപ്പിച്ചു.

**മുതിർന്ന പൗരന്മാരുടെ ഫെറോനതല സംഗമം**

ഡിസംബർ 18ന് ഫെറോന കോർഡിനേറ്റർ റവ. ഫാ. ജെറാൾഡ് സാവിയോ ഉദ്ഘാടനം ചെയ്തു. ഡോ. ശോഭാ മാത്യു ജീവിതശൈലിരോഗങ്ങൾ, പ്രതിവിധികൾ, വയോധികരുടെ ആരോഗ്യപരിപാലനം എന്നീ വിഷയങ്ങളിൽ ക്ലാസ് നൽകി. 38 വയോധികർക്ക് ബഡ്ഷീറ്റ് നൽകി ആദരിച്ചു.

**ഹെൽത്ത് വോളന്റിയർമാരുടെ പരിശീലനം**

ഡിസംബർ 17ന് പോങ്ങുംമൂട് ഫെറോന സെന്ററിൽ വച്ച് പേട്ട, കഴക്കൂട്ടം ഫെറോനയിലെ ഹെൽത്ത് വോളന്റിയർമാർക്ക് ഡോ. ശോഭാ മാത്യു ആർ.റ്റി.ഐ., യു.റ്റി.ഐ., എയ്ഡ്സ് എന്നീ രോഗങ്ങളുടെയും ഈ രോഗങ്ങൾ വരാതിരിക്കുവാനുള്ള പ്രതിവിധികൾ, ചികിത്സാ മാർഗ്ഗങ്ങൾ എന്നിവയുടെ അവബോധം നൽകി. 23 അംഗങ്ങൾ പങ്കെടുത്തു.

പേട്ട ഇടവകയിൽ 15 നിർധന കുടുംബങ്ങൾക്ക് നിത്യോപയോഗസാധനങ്ങൾ ഭവനങ്ങൾ സന്ദർശിച്ച് നൽകി.

പേട്ട ഇടവകയിലെ 3 പ്രവാസിഅംഗങ്ങൾ ക്ഷേമനിധിയിൽ അംഗത്വം എടുക്കുകയുണ്ടായി.

**അതിജീവൻ പ്രോജക്ട് പ്രവർത്തനം**

പേട്ട ഇടവകയിലെ 7 കുടുംബങ്ങൾക്ക് കോഴിവളർത്തൽ, ആടുവളർത്തൽ അടുക്കളത്തോട്ടം നിർമ്മാണം, ടെയ്ലറിംഗ് എന്നീ സ്വയം തൊഴിലുകൾക്കായുള്ള രണ്ടാംഘട്ട തുക 8750/- രൂപ റ്റി.എസ്.എസ്.എസ്. ൽ നിന്നും നൽകി.

## പാളയം ഫൊറോന

* ഡിസംബർ 1ന് ഇടവക സെക്രട്ടറിമാർക്കും കാഷ്യർമാർക്കും

യൂണിറ്റ് പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനുള്ള പരിശീലനം ശ്രീമതി ലീജ സ്റ്റീഫൻ നൽകി. 38 പേർ പങ്കെടുത്തു.

* ഡിസംബർ 22ന് 'സാന്ത്വനം' ചികിത്സാ സഹായ ലക്കി കൂപ്പൺ നറുക്കെടുപ്പ് നടത്തി. സമ്മാനങ്ങൾ വിതരണം ചെയ്തു.

* 'ഭവനം ഒരു സമ്മാനം' പദ്ധതി അപേക്ഷകരുടെ ഭവനങ്ങൾ സന്ദർശിച്ച് തൈക്കാട്, മുടവൻമുഗൾ, കാച്ചാണി എന്നീ ഇടവകക ളിൽ നിന്നും 3 പേരെ തിരഞ്ഞെടുത്തു.

* 'അതിജീവൻ' പ്രളയ ദുരിതാശ്വാസ സഹായം 2-ാം ഗഡു തുക അംഗങ്ങൾക്ക് ഡിസംബർ 20ന് വിതരണം ചെയ്തു.

* ഡിസംബർ 14ന് എസ്.എച്ച്.ജി. ഫെറോനാ യോഗം നടന്നു. ഇട വകകളിൽ ക്രിസ്മസ് ആഘോഷവും വിപണനമേളയും നടത്തി.

* കാരുണ്യപൂർവ്വം പദ്ധതി വഴി 25 കുടുംബങ്ങളെ സഹായിച്ചുവരു ന്നു.

* ഡിസംബർ 8ന് കെ.എൽ.എം. ഫെറോനായോഗം നടന്നു. 12 ൽ 10 ഇടവകതലയോഗങ്ങൾ നടന്നു.

* ഡിസംബർ 9ന് ചൈതന്യ ഐ ഹോസ്പിറ്റലിന്റെ സഹായ ത്തോടെ വിശ്വപ്രകാശ് ഹയർ സെക്കന്ററി സ്കൂളിൽ നേത്രചികി ത്സാക്യാമ്പ് നടത്തി 208 കുട്ടികൾ പങ്കെടുത്തു.

* വയോജന ദിനാചരണത്തിന്റെ ഭാഗമായി എല്ലാ ഇടവകകളിലും വയോധികരുടെ ഭവനങ്ങൾ സന്ദർശിച്ച് ഭക്ഷ്യകിറ്റ്, ബെഡ്ഷീറ്റ് എന്നിവ വിതരണം ചെയ്തു.

* ഇടവകകളിൽ ചൈൽഡ് പാർലമെന്റ് യോഗങ്ങൾ നടന്നു. മലമു കൾ ഇടവകയിലെ കുട്ടികൾ വിളപ്പിൻശാല ആശ്വാസ് ഭവൻ സന്ദർശിച്ച് അവിടുത്തെ അന്തേവാസികളുമായി ക്രിസ്മസ് ആഘോ ഷിച്ചു.

* പാളയം ഇടവകയിലെ ഒരു വ്യക്തിയെ മുക്തി ധ്യാനത്തിൽ പങ്കെ ടുപ്പിച്ചു.

* ഡിസംബർ 15ന് കുറവൻകോണം ഇടവകയിൽ 'പ്ലാസ്റ്റിക് രഹിത ഭവനം സുന്ദരഭവനം' എന്ന വിഷയത്തിൽ രൂപത സോഷ്യൽ

ആക്ഷൻ അസിസ്റ്റന്റ് ഡയറക്ടർ ഫാ. ആഷ്‌ലിൻ ജോസ് ക്ലാസെടുത്തു. 50 പേർ പങ്കെടുത്തു.

* പ്രവാസികാര്യ പ്രവർത്തനങ്ങളുടെ ഭാഗമായി പുന്നയ്ക്കാമുകൾ, കുടപ്പനക്കുന്ന് ഇടവകകളിലെ 2 പ്രവാസികളുടെ ഭവനം സന്ദർശിച്ചു. വിവരശേഖരണം നടത്തി.

## പുല്ലുവിള ഫൊറോന

* ഫെറോന വർക്കേഴ്സ് യോഗം ഡിസംബർ 7ന് കൊച്ചുപള്ളി ഓഫീസിൽ വച്ച് നടന്നു. യോഗത്തിൽ 22 അംഗങ്ങൾ പങ്കെടുത്തു.

* ഫെറോനയിൽ കൊച്ചുതുറ 1, കൊല്ലംങ്കോട് 2 എന്നീ ക്രമത്തിൽ 3 ഓഖി ബാധിതരായ കുടുംബങ്ങൾക്ക് രൂപതയുടെ സഹായത്തോടെ ഭവന നിർമ്മാണത്തിനായി തുടക്കം കുറിച്ചു.

* എസ്.എച്ച്.ജി. ഫെറോന ഫെഡറേഷൻ യോഗം ഡിസംബർ 18ന് പരുത്തിയൂർ ഇടവകയിൽ വച്ച് നടന്നു. ക്രിസ്മസ് ആഘോഷം നടത്തി.

* ഡിസംബർ 1ന് ലെഡ് ഉൽപ്പന്നങ്ങളുടെ പരിശീലനം നേടിയ കൊല്ലംകോടിനെ 4 അംഗങ്ങൾ ചേർന്ന് 'ഫോർസ്റ്റാർ' ലെഡ് യൂണിറ്റ് എന്ന പേരിൽ ആരംഭിച്ച യൂണിറ്റ് ഇടവക വികാരിയുടെ അദ്ധ്യക്ഷതയിൽ റ്റി.എസ്.എസ്.എസ്. ഡയറക്ടർ ഫാ. സാബാസ് ഇഗ്നേഷ്യസ് ഉദ്ഘാടനം ചെയ്തു.

* പുല്ലുവിള എസ്.എച്ച്.ജി. ഫെഡറേഷൻ അംഗങ്ങൾ ഡിസംബർ 27ന് മണ്ണടിക്കോണം അഗതി മന്ദിരം സന്ദർശിച്ചു.

* ലൂർദ്ദപുരം റ്റി.എസ്.എസ്.എസ്. , എസ്.എച്ച്.ജി. അംഗങ്ങൾ ചേർന്ന് ഡിസംബർ 15ന് ക്രിസ്മസ് ആഘോഷം നടത്തി. 10 നിർദ്ധനർക്ക് ധാന്യകിറ്റ് വിതരണം ചെയ്തു.

* കെ.എൽ.എം. ഫെറോന സമിതി അംഗങ്ങൾ ചേർന്ന് ഡിസംബർ 27ന് വള്ളവിള അഗതി മന്ദിരം സന്ദർശിച്ച് 76 അംഗങ്ങൾക്ക് ഭക്ഷണം നൽകി.

* പുതിയതുറ, ലൂർദ്ദപുരം എന്നീ ഇടവകകളിൽ എസ്.റ്റി.ഐ., ആർ.റ്റി.ഐ., യു.റ്റി.ഐ. എന്നീ വിഷയങ്ങളെക്കുറിച്ച് ക്ലാസ് നൽകി. 75,

86 എന്നീ ക്രമത്തിൽ അംഗങ്ങൾ ക്ലാസിൽ പങ്കെടുത്തു.
* കരുംകുളത്ത് ഡിസംബർ 8ന് 87 അംഗങ്ങൾക്കായി പ്രവാസി ക്ഷേമപദ്ധതികളെകുറിച്ച് ക്ലാസ് നൽകി.
* ഡിസംബർ 15ന് കൊച്ചുതുറ ഇടവക അംഗങ്ങൾക്കായി നോർക്ക റൂട്ട്സിന്റെ സഹായത്തോടെ പ്രീ ഡിപ്പാർച്ചർ ഓറിയന്റേഷൻ പരിശീലനം നൽകി. 35 അംഗങ്ങൾ ക്ലാസിൽ പങ്കെടുത്തു.
* ഡിസംബർ 1, 21 എന്നീ തീയതികളിൽ അഗതി തൊഴിലാളികളുടെ താമസസ്ഥലം സന്ദർശിച്ചു. 91 അംഗങ്ങളുടെ വിവരശേഖരണം നടത്തി.
* ഡിസംബർ 22ന് അഗതി തൊഴിലാളികൾക്കായി ബ്ലഡ് ചെക്കപ്പ്, ജനറൽ മെഡിക്കൽ ക്യാമ്പ്, ലേബർ അതോറിറ്റിയുടെ സഹായത്തോടെ 53 അംഗങ്ങൾക്ക് ആവാസ് യോജന ഇൻഷുറൻസ് കാർഡ് ലഭ്യമാക്കൽ, ലേബർ അതോറിറ്റിയുടെ സഹായത്തോടെ 'അഗതി തൊഴിലാളികൾ പ്രശ്നങ്ങൾ, പദ്ധതികൾ, പരിഹാര മാർഗ്ഗങ്ങൾ എന്നീ വിഷയത്തെകുറിച്ച് ബോധവൽക്കരണ ക്ലാസ് നൽകി.
* കൊല്ലംങ്കോട് ഹൈസ്കൂൾ +1, +2, പി.റ്റി.എ. എന്നീ അംഗങ്ങൾക്ക് ലഹരിയുടെ ദൂഷ്യവശങ്ങളെക്കുറിച്ച് നെയ്യാറ്റിൻകര എക്സൈസ് ഓഫീസർ ശ്രീ. ഷിബുസാർ ക്ലാസ് നൽകി. പല തലങ്ങളിലായി നൽകിയ ക്ലാസിൽ 525 അംഗങ്ങൾ പങ്കെടുത്തു.
* മാലിന്യ വർജ്ജന ബോധവൽക്കരണ ക്യാംപെയ്ൻ പരിപാടിയുടെ ഭാഗമായി പുല്ലുവിള ഫെറോനയിൽ ഡിസംബർ 8ന് പൂവ്വാർ ഗ്രാമത്തിൽ വച്ച് പരിസ്ഥിതി, ജലം ഇവ സംരക്ഷിക്കുന്നതിന്റെ ബോധ്യം കുട്ടികൾ തയ്യാറാക്കിയ ഡാൻസിലൂടെ അവതരിപ്പിച്ചു. തുടർന്ന് വീഡിയോ പ്രദർശനം നടത്തി.

## വലിയതുറ ഫൊറോന

* അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി 7 പേരുടെ ഭവനം ഒരു സമ്മാനം പദ്ധതിയുടെ 4-ാം ഘട്ടത്തിനായുള്ള അപേക്ഷ രൂപതയിൽ നൽകി. 20 പേർക്ക് ടോയ്ലറ്റ് നിർമ്മാണത്തിനായുള്ള ആദ്യഗഡു 2 ലക്ഷം രൂപ ഡിസംബർ 29ന് നൽകുകയും ചെയ്തു.

* എസ്.എച്ച്.ജി. കളുടെ നേതൃത്വത്തിൽ 18-ാം തീയതി ക്രിസ്തുമസ് ആഘോഷവും 21, 22 എന്നീ തീയതികളിലായി ഫെറോനതലത്തിൽ ക്രിസ്മസ് വിപണന വേളയും നടത്തി.

* ആരോഗ്യകാര്യകമ്മീഷന്റെ നേതൃത്വത്തിൽ വെട്ടുകാടുള്ള ഒരു കിടപ്പുരോഗിക്ക് ഫിസിയോതെറാപ്പി ബെഡ് രൂപതയുടെ നേതൃത്വത്തിൽ നൽകി. ഭിന്നശേഷിദിനാചരണം 29-ാം തീയതി സംഘടിപ്പിക്കുകയും കുട്ടികൾക്കായി ചിത്രരചന നടത്തുകയും ചെയ്തു.

* ചൈൽഡ് പാർലമെന്റിന്റെ നേതൃത്വത്തിൽ ഇടവകതലയോഗങ്ങളും ക്രിസ്തുമസ് ആഘോഷവും നടത്തി. രൂപതതലത്തിൽ നടന്ന വോളന്റിയേഴ്സ് അംഗത്തിൽ 7 ൽ 6 പേർ പങ്കെടുത്തു.

* കൊച്ചുതോപ്പ് ഇടവക സമിതിയുടെ നേതൃത്വത്തിൽ അന്യസംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങൾ സന്ദർശിക്കുകയും കൂടിവരവ് നടത്തുവാൻ തീരുമാനിക്കുകയും ചെയ്തു.

* കണ്ണാന്തുറ ഇടവകയുടെ നേതൃത്വത്തിൽ ജനറൽബോഡി അംഗങ്ങൾക്കും ചൈൽഡ് പാർലമെന്റ് കുട്ടികൾക്കുമായി പരിസ്ഥിതി സംരക്ഷണം, ഊർജ്ജസംരക്ഷണം എന്നീ വിഷയങ്ങളിൽമേൽ ബോധവത്ക്കരണം നൽകി.

## തൂത്തൂർ ഫൊറോന

**ഇടവകതലയോഗം:** 8ൽ 6 യോഗം നടന്നു. എല്ലാ ഇടവകതലയോഗങ്ങളും അതാത് ഇടവകകളിലെ ഇടവക വികാരിമാരുടെ അദ്ധ്യക്ഷതയിലാണ് നടന്നത്. യോഗത്തിൽ ക്രിസ്മസ് പ്രമാണിച്ച് രോഗീസന്ദർശനം, അഗതിമന്ദിരം സന്ദർശിക്കാൻ തീരുമാനിച്ചു.

**എസ്.എ.എഫ്.പി.:** നിലവിലുള്ള കുടുംബങ്ങൾ ആകെ 80. 21-ാം തീയതി വള്ളവിള ഇടവകയിലെ എസ്.എഫ്.പി. കുടുംബങ്ങൾ സന്ദർശിച്ചു. സ്വയം തൊഴിലിനെകുറിച്ചുള്ള അവബോധം ആനിമേറ്റർ നൽകി.

**ഓഖി:** ഫീൽഡ് വിസിറ്റ്

വള്ളവിള ഡിസംബർ 21ന് 6 കുടുംബങ്ങൾ സന്ദർശിച്ചു.

8-ാം തീയതി നീരോടി ഇടവകയിൽ വച്ച് ഓഖി കോഓർഡിനേറ്റർ സി. ഷിജി., ആനിമേറ്റർ ശ്രീമതി ശോഭ, എന്നിവരുടെ സാന്നി

ദ്ധ്യത്തിൽ വിവിധ സ്വയം തൊഴിൽ തുടങ്ങുന്നതിനെ കുറിച്ചുള്ള അവബോധം നൽകി.

**അടിസ്ഥാന സൗകര്യ വികസനം:** 3-ാം തിയതി ഹൗസിംഗ് ഓഫീസർ ജെറാൾഡ് സാർ, ഹൗസിംഗ് കോർഡിനേറ്റർ നിഷ എന്നിവർ അറ്റക്കുറ്റപ്പണികൾ ചെയ്യാനായി തിരഞ്ഞെടുത്ത 2 ഭവനങ്ങൾ ഇരൈമൻതുറയിൽ സന്ദർശിച്ച് ആദ്യഘട്ടം 50,000 രൂപ വിതരണം ചെയ്തു.

**സ്ത്രീകളും കുട്ടികളും**

14-ാം തീയതി വെള്ളയമ്പലം സെന്റ് ആന്റണി ഹാളിൽ വച്ച് നടന്ന സപ്ലിമെന്ററി അദ്ധ്യാപകരുടെ ക്രിസ്മസ് ആഘോഷത്തിൽ തൂത്തൂർ ഫൊറോനയിൽ നിന്നും 26 അദ്ധ്യാപകർ പങ്കെടുത്തു.

എല്ലാ സെന്ററുകളിലും അതാത് ഇടവക വികാരി, സഹവികാരി എന്നിവരുടെ സാന്നിധ്യത്തിൽ ക്രിസ്മസ് ആഘോഷം നടന്നു.

**പ്രവാസികാര്യ കമ്മീഷൻ:** 19-ാം തീയതി മാർത്താണ്ഡംതുറ ഇടവക റ്റി.എസ്.എസ്.എസ്. ജനറൽ ബോഡി യോഗത്തിൽ പ്രവാസികളെ കുറിച്ചുള്ള ബോധവത്കരണം ഫാ. ജോൺഡാൾ നൽകി.

**മദ്യവും പരിസ്ഥിതി കമ്മീഷൻ:** 9-ാം തീയതി ബോധവത്ക്കരണ ക്ലാസ്സ് തൂത്തൂർ ഹയർസെക്കന്ററി സ്കൂളിൽ വച്ച് തിരുപുറം എക്സൈസ് പ്രിവന്റിംഗ് ഓഫീസർ ശ്രീ. രാധാകൃഷ്ണൻ സാർ നൽകി. 280 കുട്ടികൾ പങ്കെടുത്തു.

**ഹൗസ് വിസിറ്റ്:** ക്രിസ്മസിനോട് അനുബന്ധിച്ച് ചിന്നത്തുറ ഇടവകയിലെ റ്റി.എസ്.എസ്.എസ്. അംഗങ്ങൾ 48 കിടപ്പു രോഗികളെ സന്ദർശിച്ച് അവർക്ക് ആവശ്യമായ സാധനങ്ങൾ നൽകി. കൂടാതെ ഇരൈയുമൻതുറയിൽ ലത എന്ന വ്യക്തിക്ക് ആവശ്യസാധനങ്ങളും 5000 രൂപയും നൽകി സഹായിച്ചു.

## അഞ്ചുതെങ്ങ് ഫൊറോന

ഫൊറോനാ എക്സിക്യൂട്ടീവ് യോഗം 15-12-19 ൽ ഫൊറോനാ കോർഡിനേറ്ററിന്റെ അദ്ധ്യക്ഷതയിൽ നടന്നു. പുതിയ ഭവനനിർമ്മാണത്തിനുള്ള അപേക്ഷകൾ ഡിസംബർ 30ന് ഇടവക

കളിൽ നിന്നും സ്വീകരിച്ചതിനു ശേഷം രൂപതയിൽ ലിസ്റ്റ് നൽകാൻ തീരുമാനിച്ചു. തുടർന്ന് ക്രിസ്തുമസ് ആഘോഷം നടന്നു.

സ്വയം സഹായ സംഘങ്ങളുടെ ഫെറോനായോഗം ഡിസംബർ 23 ന് നടന്നു. 18 അംഗങ്ങൾ പങ്കെടുത്തു. ന്യൂ എസ്.എച്ച്.ജി. രജിസ്ട്രേഷൻ, എസ്.എച്ച്.ജി. രജിസ്ട്രേഷൻ പുതുയ്ക്കൽ ക്രിസ്തുമസ് ഫെയർ എന്നിവയുടെ അറിയിപ്പ് നൽകി. ഇടവകാ എസ്.എച്ച്.ജി. യോഗങ്ങൾ 8 ൽ 8 നടന്നു.

സ്വയം തൊഴിൽ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായ് വിവിധ ഇടവകകളിൽ നിന്നും തിരഞ്ഞെടുത്ത 30 അംഗങ്ങൾക്ക് സ്ത്രീ ശാക്തീകരണ പ്രോജക്റ്റിന്റെ സഹായത്തോടെ തയ്യൽ പരിശീലനവും തുടർന്നു സ്വയം തൊഴിൽ ചെയ്യുന്നതിനായ് തയ്യൽ മെഷീൻ വിതരണവും ആറ്റിങ്ങൽ ഇടവകവികാരി റവ. ഫാ. വിൽഫ്രഡിന്റെ നേതൃത്വത്തിൽ നടന്നു.

കുടുംബോദ്ധാരണ പ്രവർത്തനങ്ങളുടെ ഭാഗമായ് റീജിയണൽ ലെവൽ മീറ്റിംഗ് നടന്നു. ആനിമേറ്റർ ഭവന സന്ദർശനം നടത്തി സ്വയം തൊഴിൽ പ്രവർത്തനങ്ങൾ വിലയിരുത്തി.

ഇതരതൊഴിലാളി ക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായ് ഫൊറോനാ എക്സിക്യൂട്ടീവ് യോഗങ്ങളും നടന്നു. തുടർന്നു തിരഞ്ഞെടുത്ത 45 അംഗങ്ങൾക്കായ് ജൈവമാലിന്യസംസ്കരണം, ക്ഷേമനിധി അംഗത്വം, കെ.എൽ.എം. സംസ്ഥാന ഫണ്ട് ശേഖരണം എന്നിവയെ കുറിച്ച് ചർച്ച ചെയ്തു. തയ്യൽ തൊഴിലാളി ഫോറം 3 നടന്നു.

ആരോഗ്യസംരക്ഷണം പ്രവർത്തനങ്ങളുടെ ഭാഗമായ് ക്യാൻസർ ബോധവൽക്കരണ ക്ലാസ് സംഘടനയുടെയും കിംസ് ഹോസ്പിറ്റലിന്റെയും സഹായത്തോടെ നടത്തി. മെഡിക്കൽ ക്യാമ്പ്, ബോധവൽക്കരണ ക്ലാസ്, ക്യാൻസർ രോഗികളുടെ ഭവനസന്ദർശനം, കുട്ടികളുടെ ഭവനസന്ദർശനം എന്നിവ നടന്നു.

**റവ.ഫാ. സാബാസ് ഇഗ്നേഷ്യസ്**

അതിരൂപതാ ഡയറക്ടർ

# മത്സ്യമേഖല ശുശ്രൂഷ

**രൂപതാ വിലയിരുത്തൽ യോഗം**

5-12-19 ൽ രൂപതാ ഡയറക്ടർ ഫാ. ഷാജിൻ ജോസിന്റെയും രൂപതാ കോർഡിനേറ്റർ തദയൂസ് ഫെറോന ആനിമേറ്റർമാരുടെയും സാന്നിധ്യത്തിൽ രൂപതാ വിലയിരുത്തൽ യോഗം നടന്നു. ജിയോ ട്യൂബിനെക്കുറിച്ചുള്ള ക്ലാസ്, കടൽ രക്ഷാ സൈന്യം ട്രെയിനിംഗ്, പ്ലസ് ടൂ കഴിഞ്ഞ കുട്ടികൾക്കുള്ള ഡിഫൈൻസ് ട്രെയിനിംഗിന് ലിസ്റ്റ് ശേഖരണം, വിവരശേഖരണം എന്നിവയെക്കുറിച്ച് ചർച്ച ചെയ്തു.

**ജിയോ ട്യൂബിനെക്കുറിച്ചുള്ള ബോധവത്കരണം**

7-12-19 ൽ വെള്ളയമ്പലം റ്റി.എസ്.എസ്.എസ്. ഹാളിൽ വച്ച് രൂപതാ ഡയറക്ടർ ഫാ. ഷാജിൻ ജോസിന്റെ സ്വാഗതത്തോടെ സെമിനാറിന് തുടക്കം കുറിച്ചു. എൻ.സി.ഇ.എസ്.എസ്. ന്റെ ശാസ്ത്രജ്ഞൻ ഡോ. കെ.വി. തോമസ് ആമുഖാവതരണം നടത്തി. എൻ.ഐ.ഒ.റ്റി. ശാസ്ത്രജ്ഞൻ ശ്രീ. കിരൺ ക്ലാസുകൾ നയിച്ചു.

## കോവളം ഫെറോന

**ഡിസംബർ മാസത്തെ പ്രവർത്തന റിപ്പോർട്ട്**

**1. ഫിഷറീസ് മിനിസ്ട്രി ഫെറോന യോഗം :-** 29-12-19 ൽ ഫെറോന മീറ്റിംഗ് കൂടുകയുണ്ടായി.

**2. ഫിഷറീസ് യൂണിറ്റ് യോഗം:-** 15-12-19 ൽ റവ. ഫാ. ജസ്റ്റിൻ ജൂഡിന്റെ അധ്യക്ഷതയിൽ യൂണിറ്റ് യോഗം കൂടി.

**3. പ്രാദേശിക വിസിറ്റ് മത്സ്യത്തൊഴിലാളികളുടെ വിവരശേഖരണം:-** പൂന്തുറ ഇടവകയിൽ 15 വാർഡിലും വിഴിഞ്ഞം ഇടവകയിൽ പ്രാദേശികത്തിലും മത്സ്യത്തൊഴിലാളികളുടെ വിവരശേഖരണം നടത്തിവരുന്നു.

**4. ഫിഷ് വെന്റിംഗ് ഫെറോനാ മീറ്റിംഗ്:-** 15-12-19 ൽ ഫെറോന പ്രസിഡന്റിന്റെ അധ്യക്ഷതയിൽ മീറ്റിംഗ് കൂടി. 9 അംഗങ്ങൾ പങ്കെടുത്തു.

**5. ഫിഷ് വെന്റിംഗ് യൂണിറ്റ് മീറ്റിംഗ്:-** 8, 9,15 എന്നീ തീയതിക ളിൽ യൂണിറ്റ് പ്രസിഡന്റുമാരുടെ അധ്യക്ഷതയിൽ യൂണിറ്റ് മീറ്റിംഗ് കൂടി.

**6. ഓഡിറ്റിംഗ്:-** 18-ാം തീയതി വെള്ളയമ്പലം റ്റി.എസ്.എസ്.എ സ്. ഓഫീസിൽ വച്ച് ശ്രീമാൻ സൈബിളിന്റെ നേതൃത്വത്തിൽ ഓഡി റ്റിംഗ് നടന്നു.

**7. ലോൺ വിതരണം:-** കോവളം ഫെറോനയിൽ 7 അംഗങ്ങൾക്ക് 1,20,000 രൂപ ലോൺ നൽകി.

**8. ജനറൽ ബോഡി & ക്രിസ്തുമസ് ആഘോഷം:-** 29-ാം തീയതി ആഴാകുളം ഫെറോന സെന്ററിൽ വച്ച് ഫിഷറീസ് മിനിസ്ട്രിയും, ഫിഷ് വെന്റിംഗും സംയുക്തമായി ആഘോഷം നടത്തി.

## പുതുക്കുറിച്ചി ഫെറോന

**ഫെറോന യോഗം:-** 28-12-19 ൽ ഫെറോനയോഗം തുമ്പ ഇടവക യിൽ വച്ച് നടന്നു.

**ഇടവകതലയോഗങ്ങൾ:-** 8, 15 എന്നീ തീയതികളിൽ പള്ളിത്തുറ, കൊച്ചുതുറ, വെട്ടുതുറ, സെന്റാഡ്രൂസ്, പുതുക്കുറിച്ചി എന്നീ ഇടവ കകളിൽ 10 ൽ 5 ഇടവകതലയോഗം നടന്നു.

**മത്സ്യക്കച്ചവട സ്ത്രീ ഫോറം**

ഫെറോനായോഗം 29-12-19 ൽ നടന്നു.

**ഇടവകതലയോഗങ്ങൾ:-** 8 ൽ 7 ഇടവകതലയോഗങ്ങൾ നടന്നു.

**ലോൺ വിതരണം:-** 4 അംഗങ്ങൾക്ക് 45,000 രൂപ വായ്പ നൽകി.

## പുല്ലുവിള ഫെറോന

**തൊഴിലാളി ഫെറോനയോഗം:-** 14-ാം തീയതി 3 മണിക്ക് കൊച്ചു തുറ ഇടവകയിൽ വച്ച് ഫെറോനാ കോർഡിനേറ്റർ ഫാ. പ്രബ ലിന്റെ അദ്ധ്യക്ഷതയിൽ കൂടി 9 ൽ 8 ഇടവകയിൽ നിന്ന് 25 അംഗ ങ്ങളും ഫെറോന ആനിമേറ്ററും പങ്കെടുത്തു. ഗ്രാമതല പ്രവർത്തന ങ്ങൾ ശക്തിപ്പെടുത്തുന്നതിനുവേണ്ട ചർച്ച നടന്നു.

**ഇടവകതല യോഗങ്ങൾ:-** 1, 8, 14, 15 എന്നീ തീയതികളിൽ കൊല്ലം

കോട്, പരുത്തിയൂർ, പള്ളം, പൂവാർ എന്നീ ഇടവകകളിൽ ഇടവക കൺവീനർമാരുടെയും ഇടവക വികാരിമാരുടെയും നേതൃത്വത്തിൽ യോഗങ്ങൾ കൂടി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ വേണ്ട നിർദേശങ്ങൾ നലകി.

**മത്സ്യവിപണന വനിതാവികസന സംഘം ഫെറോനായോഗം:-** 8-ാം തീയതി 2 മണിക്ക് കൊച്ചുപള്ളി ഫെറോന ഓഫീസിൽ വച്ച് ഫെറോനാ പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ഫെറോനാ പ്രതിനിധികൾ സി. ഡയാനയുടെ നേതൃത്വത്തിൽ കൂടിയ യോഗത്തിൽ ഫെറോനാ ആനിമേറ്ററിന്റെ ശമ്പളം ഫെറോനയിൽ നിന്നും 500 രൂപ കൂട്ടുവാനും, ക്രിസ്മസ് ആഘോഷവും ചർച്ച ചെയ്തു തീരുമാനിച്ചു. പുതിയ അംഗങ്ങളെ ചേർക്കുന്ന കാര്യം ചർച്ചയക്ക് 7 ഇടവകയിൽ നിന്നും 14 അംഗങ്ങൾ പങ്കെടുത്തു.

**ഇടവകതല യോഗങ്ങൾ:-** 1, 8, 11, 15, 22, 29 എന്നീ തീയതികളിൽ യൂണിറ്റ് പ്രസിഡന്റുമാരുടെ നേതൃത്വത്തിൽ 7 ഇടവകയിലും മീറ്റിംഗ് നടന്നു. പൂവാർ ഇടവകയിൽ 3 പുതിയ അംഗങ്ങളെ ചേർത്തു.

**ഓഡിറ്റിംഗ്:-** 17-ാം തീയതികളിലും ഐ.റ്റി.സി. യിൽ വച്ചും 18-ാം തീയതി വെള്ളയമ്പലം ഓഫീസിൽ വച്ചും നവംബർ മാസത്തെ ഓഡിറ്റിംഗ് സെബിൻസാറിന്റെ നേതൃത്വത്തിൽ നടന്നു.

**ലോൺ വിതരണം:-** 2 അംഗങ്ങൾക്ക് 15000 രൂപ വീതം സംഘ വായ്പ നൽകി.

**ജനറൽബോഡി ക്രിസ്മസ് ആഘോഷം:-** 22-ാം തീയതി കൊച്ചുപള്ളി ഫെറോന ഓഫീസിൽ വച്ച് 100 അംഗങ്ങളെ ഉൾപ്പെടുത്തി വിവിധ മൽസരങ്ങൾ നടത്തി സമ്മാനവും നൽകി.

## അഞ്ചുതെങ്ങ് ഫെറോന

ഫെറോന സമിതിയോഗം നടന്നില്ല. യൂണിറ്റു യോഗങ്ങൾ 6 ൽ 1 നടന്നു. ഫെറോനായോഗം 15-12-19 ൽ നടന്നു. എയ്ഡ്സിനെക്കുറിച്ച് ഉണർവ് പഠന പത്രികാവബോധം നൽകി. 13-12-19 ൽ ഓഡിറ്റിംഗ് സൈബിൻ സാറിന്റെ സാന്നിധ്യത്തിൽ നടന്നു. മാർക്കറ്റ് വിസി

റ്റ്, ബാങ്ക് വിസിറ്റ് നടന്നു. യൂണിറ്റ് യോഗങ്ങൾ 15 ൽ 12 നടന്നു. ലോണടയ്ക്കാത്തവരുടെ ഭവനങ്ങൾ സന്ദർശിച്ചു. ലോൺ ഷെയർ കളക്ഷൻ നടത്തി.

**ലോൺവിതരണം:-** 6 അംഗങ്ങൾക്കായി 95000 രൂപാ വിതരണം ചെയ്തു.

## വലിയതുറ ഫെറോന

**ഫെറോനയോഗം:-** 14-12-19 ന് ഫെറോനായോഗം തോപ്പ് ഇടവകയിൽ നടന്നു. 11 അംഗങ്ങൾ പങ്കെടുത്തു.

**ഇടവകതലയോഗങ്ങൾ:-** 8, 15 എന്നീ തീയതികളിൽ ചെറിയതുറ, കണ്ണാന്തുറ എന്നീ ഇടവകകളിൽ യോഗം നടന്നു. കണ്ണാന്തുറ ഇടവകയിൽ ക്രിസ്മസ് ആഘോഷം നടത്തി.

**മത്സ്യവിപണനസ്ത്രീഫോറം**

**ഫെറോനായോഗം:-** 8-12-19 ൽ ഫെറോനായോഗം തോപ്പ് ഫെറോനാസെന്ററിൽ നടന്നു. ക്രിസ്മസ് ആഘോഷം നടത്താൻ തീരുമാനിച്ചു. 16 അംഗങ്ങൾ പങ്കെടുത്തു.

**ഇടവകതലയോഗങ്ങൾ:-** 8, 15, 16, 22 എന്നീ തീയതികളിൽ ഇടവകതലയോഗങ്ങൾ നടന്നു. വലിയവേളി, തോപ്പ്, കണ്ണാന്തുറ, വലിയതുറ, ചെറിയതുറ, കൊച്ചുതോപ്പ്, കൊച്ചുവേളി, വെട്ടുകാട് എന്നീ 8 ൽ 8 യൂണിറ്റ് യോഗങ്ങൾ കൂടി. 28, 15, 12, 19, 32, 14, 29, 21 എന്നീ ക്രമത്തിൽ അംഗങ്ങൾ പങ്കെടുത്തു.

**ഓഡിറ്റിംഗ്:-** 11, 12 എന്നീ തീയതികളിൽ ഓഡിറ്റർ ശ്രീമാൻ സൈബിന്റെ നേതൃത്വത്തിൽ കഴിഞ്ഞമാസത്തെ വരവ് ചെലവ് കണക്കുകൾ പരിശോധിച്ചു ഒപ്പുവച്ചു.

**വായ്പാവിതരണം:-** കൊച്ചുവേളി ഇടവകയിലെ 29 അംഗങ്ങൾക്ക് 5,60,000 രൂപ വായ്പ നൽകി.

**ജനറൽ ബോഡിയോഗവും ക്രിസ്മസ് ആഘോഷവും:-** 22-ാം തീയതി തോപ്പ് കമ്മ്യൂണിറ്റി ഹാളിൽ ഫെറോന ജനറൽ ബോഡി യോഗം കൂടി. ഡയറക്ടർ റവ. ഫാ. ഷാജിൻ ജോസ് ഗവൺമെന്റിൽ

നിന്നും മത്സ്യത്തൊഴിലാളികൾക്കുള്ള വിവിധ ആനുകൂല്യങ്ങളെക്കുറിച്ച് ക്ലാസ് നൽകി.

തുടർന്ന് ക്രിസ്മസ് ആഘോഷം നടത്തി. വിവിധ കളികൾ നടത്തി. സമ്മാനം നൽകി. 170 അംഗങ്ങൾ പങ്കെടുത്തു.

**റ്റി.എം.എഫ്:-** റ്റി.എം.എഫ്. ന്റെ എസ്.എച്ച്.ജി. കൾ നടന്നു വരുന്നു. ജീവൻ ജ്യോതി ക്ഷേമപദ്ധതിയിൽ 1,25,000 രൂപ വായ്പ തിരിച്ചടവ് നടത്തി.

## തൂത്തൂർ ഫെറോന

**മത്സ്യമേഖല ഫെറോനായോഗം:-** 8-ാം തീയതി എക്സിക്യൂട്ടീവ് യോഗം ഫെറോനാ സെന്ററിൽ 4 മണിക്ക് നടന്നു. ഫെറോനാ സെക്രട്ടറി ശ്രീ. സേസടിമയുടെ നേതൃത്വത്തിൽ നടന്ന യോഗത്തിൽ 8 ൽ 4 അംഗങ്ങൾ പങ്കെടുത്തു. യൂണിറ്റ് ശാക്തീകരണം, തീരദേശ റോഡ് പണി പുനരാരംഭം ഇനയം ഹാർബർ പ്രശ്നം ചർച്ചചെയ്തു.

**ഇടവകയോഗം:-** 8, 15, 22 എന്നീ തീയതികളിൽ വള്ളവിള, ചിന്നത്തുറ, മാർത്താണ്ഡൻതുറ, നീരോടി എന്നീ സ്ഥലങ്ങളിൽ നടന്നു. 13 ൽ 6, 13 ൽ 8, 13 ൽ 5 എന്നീ പങ്കാളിത്തമുണ്ടായിരുന്നു. മത്സ്യമേഖല ശുശ്രൂഷ ശക്തിപ്പെടുത്തുന്നതിനെയും, തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങളെയും കുറിച്ച് ചർച്ച ചെയ്തു.

**മത്സ്യവിപണന സ്ത്രീ ഫോറം:-** 1-ാം തീയതി ഫെറോനാ സെന്ററിൽ നടന്നു. 18 ൽ 18 അംഗങ്ങളുടെ പങ്കാളിത്തമുണ്ടായിരുന്നു. മത്സ്യവിപണന സ്ഥലത്തെ പ്രശ്നങ്ങൾ ചർച്ച ചെയ്തു.

**ഇടവകയോഗം:-** 8 ൽ 8 ഇടവകയിലും 1, 8, 12, 15, 22, 29 എന്നീ തീയതികളിൽ ഇരവിപുത്തൻതുറ, പൂത്തുറ, ഇരയുമ്മൻതുറ, തൂത്തൂർ, ചിന്നത്തുറ, വള്ളവിള, മാർത്താണ്ഡൻതുറ, നീരോടിയിൽ നടന്നു.

**ഓഡിറ്റിംഗ്:-** 21-ാം തീയതി ഓഡിറ്റിംഗ് നടക്കുകയുണ്ടായി.

**വായ്പകൾ:-** 12-ാം തീയതി ഇരയുമ്മൻതുറ ഇടവകയിൽ ഇടവക

വികാരി റവ. ഫാ. രജീഷിന്റെ അദ്ധ്യക്ഷതയിൽ 42 അംഗങ്ങൾക്ക് 5 ലക്ഷം രൂപയുടെ ചെക്ക് തൊഴിൽ വായ്പയായി നൽകുകയുണ്ടായി.

**ക്രിസ്മസ് ആഘോഷം:-** 22-ാം തീയതി 2 മണിക്ക് ഇരയിമ്മൻതുറ കമ്മ്യൂണിറ്റി ഹാളിൽ വച്ച് മത്സ്യവിപണന സ്ത്രീ സംഘത്തിന്റെ ക്രിസ്മസ് ആഘോഷപരിപാടികൾ നടന്നു. 205 അംഗങ്ങളുടെ പങ്കാളിത്തത്തോടെ നടന്ന യോഗത്തിൽ കലാകായിക മത്സരങ്ങളും കളികളും ഉണ്ടായിരുന്നു.

**റവ. ഫാ. ഷാജിൻ ജോസ്**
അതിരൂപത ഡയറക്ടർ

# അല്മായശുശ്രൂഷ

## കോവളം ഫൊറോന

**ഡിസംബർ മാസത്തെ പ്രവർത്തനറിപ്പോർട്ട്**

**1. ഫെറോന സംയുക്തസഭാ മീറ്റിംഗ്:-**

01-12-19- ൽ ആഴാകുളം ഫെറോന സെന്ററിൽ വച്ച് ഫെറോന സംയുക്ത സഭാമീറ്റിംഗ് കൊഡിനേറ്റർ റോജനച്ചന്റെ അധ്യക്ഷതയിൽ കൂടി. സഭകളുടെ പ്രവർത്തനങ്ങളെക്കുറിച്ച് ഫിഷറീസ് ഫെറോന കോഡിനേറ്റർ ഫാ. ഇമ്മാനുവേൽ ക്ലാസ് നൽകി.

**2. ബോധവൽക്കരണ ക്ലാസ്:-**

07-12-19 ൽ പൂന്തുറ ഇടവകയിൽ വച്ച് ലത്തീൻ കത്തോലിക്കരുടെ സംവരണ ആനുകൂല്യങ്ങളെക്കുറിച്ച് അല്മായ ശുസ്രൂഷ രൂപത ഡയറക്ടർ റവ. ഫാ. തിയോഡഷ്യസ് ക്ലാസ് നൽകി.

**3. യൂണിറ്റ് മീറ്റിംഗ്:-**

18-12-19 ൽ അല്മായ ശുശ്രൂഷ ഡയറക്ടർ റോജനച്ചന്റെ അധ്യക്ഷതയിൽ യൂണിറ്റ് മീറ്റിംഗ് കൂടി. 12 അംഗങ്ങൾ പങ്കെടുത്തു.

## പുതുക്കുറിച്ചി ഫൊറോന

**ഫെറോന യോഗം:-**

15-ാം തീയതി പള്ളിത്തുറ ഇടവകയിൽ വച്ച് ഫെറോന യോഗം നടന്നു. എല്ലാ ഇടവകകളിലും കെ.എൽ.സി.എ. രൂപീകരിക്കുന്നതിനെക്കുറിച്ച് പറഞ്ഞു.

**ബോധവത്ക്കരണ ക്ലാസ്:-**

15-12-2019 ൽ പള്ളിത്തുറ ഇടവകയിൽ വച്ച് ഫെറോനതലത്തിൽ രൂപതാ ഡയറക്ടർ ഫാ. തിയോഡഷ്യസ് സമുദായ സംഘടനയെക്കുറിച്ചും ഇന്ന് ലത്തീൻ കത്തോലിക്ക സമുദായ സംഘടന നേരിടുന്ന സംവരണത്തെക്കുറിച്ചും അതിന്റെ ശാക്തീകരണത്തെക്കുറിച്ചും ക്ലാസ് നൽകി.

**സമുദായ സംഗമം:-**

01-12-2019 ൽ നെയ്യാറ്റിൻകര രൂപതയിൽ വച്ചു നടന്ന സമുദായ സംഗമത്തിന് പുതുക്കുറിച്ചി ഫെറോനയിൽ നിന്ന് 38 അംഗങ്ങൾ പങ്കെടുത്തു.

**ഇടവകതല യോഗങ്ങൾ:-**

11 ൽ 4 ഇടവകതലയോഗങ്ങൾ നടന്നു.

## പാളയം ഫൊറോന

* 24 ൽ 11 ഫെറോനാ ജനറൽ ബോഡി യോഗം ഫെറോനാ കോർഡിനേറ്ററിന്റെ അദ്ധ്യക്ഷതയിൽ കൂടി. യോഗത്തിൽ കെ.എൽ.സി.എ. പതാക ദിനത്തെകുറിച്ചുള്ള ചർച്ചകളും ഡിസംബർ 1ന് നെയ്യാറ്റിൻകര വച്ച് നടത്തുന്ന പൊതു സമ്മേളനത്തെക്കുറിച്ചും പങ്കാളിത്തത്തെക്കുറിച്ചുമുള്ള ചർച്ചകളും നടത്തി. കെ.എൽ.സി.എ. പ്രതിനിധികളും ഇടവക കൺവീനർമാരും പങ്കെടുത്തു.

* അസാധാരണ പ്രേഷിതമാസത്തോടനുബന്ധിച്ച് ജനറൽ ബോഡി അംഗങ്ങൾക്ക് പ്രേഷിതമാസാചരണ പ്രവർത്തനങ്ങളെക്കുറിച്ച് ക്ലാസ് നൽകി. ഫെറോനാവികാരി മോൺ. നിക്കോളാസ്, ഫെറോനാ സെക്രട്ടറി ഫാ. ഡാനിയേൽ എന്നിവർ ക്ലാസുകൾ നയിച്ചു. തുടർന്ന് ഫെറോനാ കോ-ഓർഡിനേറ്റർ ഫാ. സ്റ്റാൻസിലാവൂസ് ന്റെ നേതൃത്വത്തിൽ ഫെറോനാ ഇടവകതലങ്ങളിൽ നടത്തുന്ന പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ചകൾ നടത്തി. 52 അംഗങ്ങൾ പങ്കെടുത്തു.

* സെന്റ് വിൻസെന്റ് ഡി പോൾ സെന്റർ കൗൺസിൽ പൊതു സമ്മേളനത്തിൽ വച്ച് പേരൂർക്കട ഏര്യയ്ക്ക് മികച്ച പ്രവർത്തനത്തിനുള്ള അവാർഡ് ലഭിച്ചു.

* ക്രിസ്തുരാജപുരം ഇടവകയിലെ ലീജിയൻ ഓഫ് മേരി അംഗങ്ങൾ കുന്നുകുഴി മദർ തെരേസ കോൺവെന്റിലെ കുഞ്ഞുങ്ങളെ സന്ദർശിക്കുകയും അല്പസമയം അവരോടൊത്ത് ചെലവഴിച്ച് മധുരം വിതരണം നടത്തുകയും ചെയ്തു.

**റവ.ഫാ. തിയോഡേഷ്യസ്**
അല്മായ ശുശ്രൂഷ ഡയറക്ടർ